# വേർപാട്

031

ജനുവരി 2014




ഒരു BGM പ്രസിദ്ധീകരണം

# വേർപാട്

വാർത്താ പത്രിക



## എഡിറ്റോറിയൽ ടീം

EDITORIAL TEAM


**ചീഫ് എഡിറ്റർ**

ഡോ. ജോൺസൺ സി. ഫിലിപ്പ്

**മാനേജിംഗ് എഡിറ്റർ**

ഡോ. സനീഷ് ചെറിയാൻ

**എഡിറ്റോറിയൽ ബോർഡ്**

1. സ്കറിയ വർഗീസ്
2. ഏബ്രഹാം തോമസ്, കൊച്ചി
3. പി.ഇ. സാംകുട്ടി
4. അലക്സാണ്ടർ കോശി

**ഓവർസീസ് എഡിറ്റോറിയൽ ബോർഡ്**

ഡോ. സണ്ണി എഴുമറ്റൂർ, യു.എസ്.എ.
ഡോ. കെ.എം. ശമുവേൽ, കെനിയ
നോയൽ ഡാനിയേൽ, യു.എസ്.എ.
ജോൺ ഏബ്രഹാം, ദുബായ്

**സർക്കുലേഷൻ മാനേജർ**

ജിജോ സി. ജോർജ്ജ്

**ഡിസൈൻ & ലേ ഔട്ട്**

ലോഗോസ് മീഡിയ

**പ്രിന്റിംഗ്**

മാപ്തോ പ്രിന്റിംഗ്സ്, കളമശ്ശേരി

**ഡോക്ട്രിനൽ അഡ്വൈസറി ബോർഡ്**

1. കെ.എ. ഫിലിപ്പ്
2. ഫിലിപ്പ് ഏബ്രഹാം
3. ഇ.ജെ. പൈലി
4. ഡോ. പി.പി. ജോർജ്ജ്
5. ജോർജ്ജ് പീറ്റർ
6. എം.സി. ജോർജ്ജ്
7. ജോസ് മാങ്കുടി
8. എസ്.കെ. ഡേവിഡ്
9. കെ.വി. ഐസക്
10. വി.എം. പോൾ
11. കെ. ഗോപിനാഥൻ
12. ഡോ. പി.എം. ജോർജ്ജ്കുട്ടി
13. പ്രൊഫ. മാത്യൂസ് ഏബ്രഹാം
14. സി.ഒ. ഡേവീസ്
15. റെജി. കെ. തോമസ്

**മീഡിയ കൺസൾട്ടന്റ്സ്**

1. ഫിലിപ്പ് കെ. ആൻഡ്രൂസ്
2. ജോൺ സെബാസ്റ്റ്യൻ
3. പ്രമോദ് തോമസ്
4. സജി ഇടിക്കുള

**മാനേജിംഗ് കമ്മിറ്റി**

1. ഡോ. ബഞ്ചമിൻ ഏബ്രഹാം
2. വിക്ടർ ജോർജ്ജ് കുര്യാക്കോസ്
3. സാമുവേൽ പി. വർക്കി
4. രഞ്ജിത്ത് കുമാർ
5. വർക്കി ജോർജ്ജ്
6. രാജു കെ. തോമസ്
7. റെജി കെ. പോൾ


**വാർത്തകളും കത്തുകളും വരിസംഖ്യയും അയക്കേണ്ട വിലാസം**


**Saneesh Cherian,**
Logos Bhavan
Maneed P.O., Ernakulam 686 664, Kerala
Mob : 9744706373
E-mail : BrethrenAssemblyNews@gmail.com
Website : www.BrethrenAssembly.com


**വാർഷിക വരിസംഖ്യ : Rs.150/-**

## ഉള്ളടക്കം


01 വേദപുസ്തക കാനോൻ
11 വേർപാട് ന്യൂസ്
16 വേർപാട് വിവാഹ വേദി
05 ബൈബിളിന്റെ പ്രധാന കൈയ്യെഴുത്തു പ്രതികൾ
15 വേർപാട് ക്വിസ്

# വേദപുസ്തക കാനോൻ

ഡോ. സനീഷ് ചെറിയാൻ


ബൈബിൾ കാനോൻ സംബന്ധിച്ച് ബഹുവിധ ആശയങ്ങളും സംശയങ്ങളും ക്രിസ്തീയ സമൂഹത്തിൽ കാലാകാലങ്ങളായി നിലനിന്നു വരുന്നു. വേർപെട്ട ദൈവജനത്തിനിടയിലും വേദപുസ്തക കാനോൻ സംബന്ധിച്ച് വ്യത്യസ്ത ചിന്താഗതികൾ ഉണ്ടെന്നത് വസ്തുത. ബൈബിൾ സമ്പൂർണ്ണ ദൈവിക അരുളപ്പാട് എന്നു പറയുമ്പോൾ തന്നെ ബൈബിളിനു വെളിയിലും ദൈവവചനമുണ്ടെന്ന് ചിന്തിക്കുന്ന ചെറിയ ഒരു ശതമാനം വിശ്വാസികളുണ്ട്. ആകയാൽ വേദപുസ്തക കാനോൻ സംബന്ധിച്ച് ചില ഉൾക്കാഴ്ച നൽകുവാനാണ് ഞങ്ങൾ ഇവിടെ ആഗ്രഹിക്കുന്നത്.

**ബൈബിൾ എഴുതിയത് എങ്ങനെ?**

തങ്ങൾ അഭിമുഖീകരിക്കുന്ന സകല വിഷയങ്ങളുടെയും കാര്യകാരണം അന്വേഷിക്കുക എന്നത് മനുഷ്യസഹജ സ്വഭാവമാണ്. വേദപുസ്തകത്തോടുള്ള ബന്ധത്തിലും ഈ മനോഭാവം മനുഷ്യൻ പുലർത്തുന്നു. എപ്പോൾ എവിടെവച്ച് , എങ്ങനെ ബൈബിൾ എഴുതി? അതു എത്രത്തോളം വിശ്വാസ്യവും ആധികാരികവുമാണ് എന്നു അവർ അന്വേഷിക്കുന്നു. പല സ്ഥലങ്ങളിലും കാലയളവിലുമായി എഴുതപ്പെട്ട പുസ്തകങ്ങൾ ക്രോഡീകരിച്ച കാനോൻ സ്ഥാപിക്കുമ്പോൾ അതിനു പിന്നിലെ മാനദണ്ഡം എന്തെന്നും അതിന്റെ വിശ്വാസ്യത എന്തെന്നും അവർ ആരായുന്നത് സ്വഭാവികം മാത്രം. ഈ വിഷയങ്ങൾ സംബന്ധിച്ച് വേദപുസ്തകത്തിനുള്ളിൽ നിന്നുള്ള ആന്തരിക തെളിവുകളും ചരിത്രം, പുരാവസ്തുശാസ്ത്രം, എന്നിവയിൽ നിന്നുള്ള ബാഹ്യ തെളിവുകളും ധാരാളമുണ്ട്. അവയുടെ ഒരു സംക്ഷിപ്തരൂപം ലളിതമായി അവതരിപ്പിക്കുകയാണ് ഇവിടെ ഞങ്ങൾ ചെയ്യുന്നത്.

തിരുവെഴുത്ത് എന്തെന്നു തിരുവെഴുത്ത് തന്നെ പറയുന്നത് ശ്രദ്ധിക്കുക ; "എല്ലാ തിരുവെഴുത്തും ദൈവശ്വാസീയമാകയാൽ ദൈവത്തിന്റെ മനുഷ്യൻ സകല സൽപ്രവൃത്തിക്കും വക പ്രാപിച്ചു തികഞ്ഞവൻ ആകേണ്ടതിനു ഉപദേശത്തിനും ശാസനത്തിനും ഗുണീകരണത്തിനും നീതിയിലെ അഭ്യാസത്തിനും പ്രയോജനമുള്ളത് ആകുന്നു." (2 തിമൊ. 3:16). "പ്രവചനം ഒരിക്കലും മനുഷ്യന്റെ ഇഷ്ടത്താൽ വന്നതല്ല. ദൈവകല്പനയാൽ മനുഷ്യൻ പരിശുദ്ധാത്മ നിയോഗം പ്രാപിച്ചിട്ട് സംസാരിച്ചതത്രേ." (2 പത്രോ. 1:21). ദൈവം താൻ തിരഞ്ഞെടുത്ത മനുഷ്യരിൽ പ്രത്യേകമായ നിലയിൽ പ്രവർത്തിച്ച്, അവരാൽ നമുക്ക് എഴുതിത്തന്ന 66 പുസ്തകങ്ങളാണ് വേദപുസ്തക കാനോൻ. ഏകദേശം 1400 ൽപരം വർഷങ്ങളുടെ കാലയളവിൽ 40ൽ പരം ആളുകളാൽ എഴുതപ്പെട്ട പുസ്തക സമാഹാരമാണ് ബൈബിൾ.

യിസ്രായേല്യർ പൊതുവെ മാംസഭുക്കുകളായിരുന്നതുകൊണ്ട് പ്രതിദിനം ധാരാളം മൃഗങ്ങൾ കൊല്ലപ്പെട്ടിരുന്നു.ഇ ൗമ ൃഗങ്ങളുടെ തോലുകൾ വൃത്തിയാക്കി, കൂട്ടിത്തുന്നി ചുരുളുകളാക്കി സൂക്ഷിക്കുന്ന പതിവും അവർക്കുണ്ടായിരുന്നു. എഴുത്തു വിദ്യയുടെ വ്യാപനത്തോടെ തുകൽച്ചുരുളുകൾ ഫലകരമായ



ഒരു ഉപാധിയായി മാറ്റപ്പെട്ടു. കൂടുതൽ കാലം ഈടുനിൽക്കുന്നതും ഒരു സ്ഥലത്തു നിന്നും മറ്റൊരു സ്ഥലത്തേക്ക് കൊണ്ടു പോകുന്ന തിനും തുകൽച്ചുരുളുകൾ ഉപകരിക്കുമെന്നു കണ്ടെത്തി. തുകൽച്ചുരുളുകളുടെ വിപുലീകര ണത്തിനും സംരക്ഷണത്തിനും പുരാതനമനു ഷ്യർ പ്രാധാന്യം നൽകുന്നതിനു ഇതു വഴി തെളിച്ചു. എഴുത്ത് വിദ്യ യഹൂദന്മാർക്ക് സുപ രിചിതവും തുകൽച്ചുരുളുകൾ സമൃദ്ധമായി ലഭിച്ചതും മൂലം ധാരാളം തുകൽച്ചുരുൾ ലിഖി തങ്ങൾ ചരിത്രം, വംശാവലി തുടങ്ങിയ മേഖല കളിൽ അവർ തയ്യാറാക്കിയിരുന്നു.

സംഖ്യാപുസ്തകത്തിൽ നാം ആവർത്തിച്ച് കാണുന്നതുപോലെ കുടുംബങ്ങളുടെ വംശാ വലി രേഖ സൂക്ഷിക്കുന്നത് യിസ്രായേലിൽ പതിവായിരുന്നു. ചരിത്രപരവും വാനശാസ്ത്ര പരവുമായ വിഷയങ്ങളും തങ്ങളുടെ ജീവിത ത്തിന്റെ നാഴികകല്ലുകളെക്കുറിച്ചുള്ള വിവര ങ്ങളും മറ്റു പ്രധാനസംഭവങ്ങളും എഴുതി സൂക്ഷിക്കുകയും ചെയ്തിരുന്നു. തന്മൂലം പഞ്ചഗ്രന്ഥങ്ങൾ എഴുതുന്ന സമയത്ത് വംശാ വലി ക്രോഡീകരിക്കുന്നതിനു ഇത്തരം രേഖ കൾ മോശയ്ക്ക് സഹായകമായിരുന്നു എന്നത് ന്യായമായും ചിന്തിക്കാവുന്നതാണ്.

മോശ എഴുതിയ പഞ്ചഗ്രന്ഥങ്ങൾ ദൈവനി ശ്വസിത വചനമായി ആ കാലയളവിൽ തന്നെ മനസ്സിലാക്കുകയും പകർപ്പുകളുണ്ടാക്കു കയും അവ ശ്രദ്ധയോടെ സൂക്ഷിക്കുകയും ചെയ്തിരുന്നു. ഈ പുസ്തകങ്ങളെ ജനങ്ങ ളുടെ ഉപദേശത്തിനായി സൂക്ഷിക്കാൻ ദൈവം കൽപ്പിക്കുകയും ചെയ്തു. “യഹോവ മോശെയോട്, “നീ ഇതു ഓർമ്മയ്ക്കായിട്ട് ഒരു പുസ്തകത്തിൽ എഴുതി യോശുവയെ കേൾപ്പിക്കുക.

യിസ്രായേല്യരുടെ ആത്മിക ജീവിതത്തിൽ പുസ്തകങ്ങൾ പ്രധാനപങ്കു വഹിച്ചിരുന്നു. “അവൻ നിയമ പുസ്തകം എടുത്തു ജനം കേൾക്കെ വായിച്ചു. യഹോവ കൽപ്പിച്ചതൊ ക്കെയും ഞങ്ങൾ അനുസരിച്ചു നടക്കുമെന്നു അവർ പറഞ്ഞു.” (പുറ 24:7).

ദൈവകല്പിതമായ വചനങ്ങളും, വംശാവലി, ചരിത്ര വിവരങ്ങളും രേഖപ്പെടുത്തി സൂക്ഷി ക്കണമെന്ന് ദൈവം യിസ്രായേലിന്റെ നായക ന്മാർക്ക് നൽകിയ കല്പനയായിരുന്നു. ഈ നിലയിൽ ദൈവകല്പനകളും മറ്റും എഴുതി സൂക്ഷിക്കുകയും തലമുറകൾക്ക് കൈമാറു കയും ചെയ്യണമെന്ന ദൗത്യം മോശയ്ക്ക് ശേഷം യോശുവയ്ക്കും ദൈവം നൽകി. “യഹോ വയുടെ ദാസനായ മോശെയുടെ മരണശേഷം യഹോവ നൂന്റെ മകനായി മോശയുടെ ശുശ്രൂഷ കനായ യോശുവയോട് അരുളിച്ചെയ്തത്; എന്റെ ദാസനായ മോശെ മരിച്ചു; ആകയാൽ നീയും ഈ ജനമൊക്കെയും പുറപ്പെട്ട് യോർദ്ദാന്നക്കരെ ഞാൻ യിസ്രായേൽ മക്കൾക്ക് കൊടുക്കുന്ന ദേശ ത്തേക്ക് കടന്നുപോകുവിൻ. ഈ ന്യായപ്രമാണ പുസ്തകത്തിലുള്ളത് നിന്റെ വായിൽ നിന്നു നീങ്ങിപ്പോകരുത്; അതിൽ എഴുതിയിരിക്കുന്നത് പോലെ ഒക്കെയും പ്രമാണിച്ച് നടക്കേണ്ടതിനു നീ രാവും പകലും അതു ധ്യാനിച്ചുകൊണ്ടിരിക്കണം ( യോശുവ 1:1,2,8).

അപ്രകാരം, ദൈവശ്വാസീയ തിരുവെഴുത്തും ആത്മീക വർദ്ധനയ്ക്കുതകുന്ന എഴുത്തുകളും പകർത്തിയെഴുതി സൂക്ഷിക്കുകയെന്നത് ദൈവ ത്തിന്റെ കല്പനയാണ്. തുടർന്ന് രായസക്കാർ (ശാസ്ത്രി- പകർത്തിയെഴുതുന്നവർ) എന്ന ഒരു കൂട്ടം തന്നെ യിസ്രായേലിൽ ഉണ്ടായി എന്നത് ഈ കല്പനയുടെ പ്രാധാന്യം വ്യക്തമാക്കുന്നു. 2 ശമു 8:17ൽ നാം ഇങ്ങനെ വായിക്കുന്നു. “അഹീതൂ ബിന്റെ മകൻ സാദോക്കും അബ്യാഥാരിന്റെ മകൻ




അഹീമേലേക്കും പുരോഹിതന്മാരും സെരായാ രായസക്കാരനും ആയിരുന്നു."

കാനോനിക ഗ്രന്ഥങ്ങൾ അവ എഴുതപ്പെട്ട സമയത്തു തന്നെ കാനോനികമായി ദൈവജനം മനസ്സിലാക്കുകയും, അതു ജനങ്ങൾക്ക് സുലഭമാകുന്നതിന് വേണ്ടി പകർത്തിയെഴുതുകയും സുരക്ഷിതമായി സൂക്ഷിക്കുന്നതിന് പ്രത്യേക പ്രാധാന്യം നൽകുകയും ചെയ്തിരുന്നു. എസ്രാ ശാസ്ത്രിയെപ്പോലെ തിരുവെഴുത്തിന്റെ പകർത്തിയെഴുതലിനും വ്യാഖ്യാനിച്ച് പഠിപ്പിക്കുന്നതിനുമായി ജീവിതം ഉഴിഞ്ഞു വെച്ചിരുന്നവരും ഉണ്ടായിരുന്നു എന്നത് തിരുവെഴുത്ത് അസന്നിഗ്ധമായി വെളിപ്പെടുത്തുന്നു. കാനോനിക ഗ്രന്ഥങ്ങൾക്ക് കേടുവരാതെ സൂക്ഷിക്കുന്നതിലും വള്ളിപുള്ളി വിടാതെ പകർത്തിയെഴുന്നതിലും യഹൂദന്മാർ പാർത്തിരുന്ന ഇടങ്ങളിലേക്ക് ഈ പകർപ്പുകൾ എത്തിക്കുന്നതിലും പ്രത്യേക ശ്രദ്ധ നൽകിയിരുന്നു. അന്യദേശത്ത് പാർത്ത് സ്വന്തം ഭാഷയിലുള്ള പ്രാവീണ്യം നഷ്ടപ്പെട്ട യഹൂദന്മാർക്ക് വചനം ലഭ്യമാകുന്നതിന് തിരുവെഴുത്ത് അത്തരം ഭാഷകളിലേക്ക് വിവർത്തനം ചെയ്യുന്നതിലും അവർ പ്രത്യേകം ശ്രദ്ധ പുലർത്തിയിരുന്നു. 200 ബി.സി. ആയപ്പോഴേക്കും വലിയൊരുകൂട്ടം യഹൂദന്മാർ ഗ്രീക്കിന്റെ സ്വാധീനതയിലായി, അവരുടെ പ്രഥമ ഭാഷ ഗ്രീക്കാകുയും ചെയ്തപ്പോൾ പഴയനിയമത്തിലെ 39 കാനോനിക ഗ്രന്ഥങ്ങളും ഗ്രീക്കിലേക്ക് തർജ്ജമ ചെയ്യപ്പെട്ടു. സെപ്തുവജിന്റ് (150 ബി.സി) അക്വിലാവിന്റെ പരിഭാഷ (130 എ.ഡി.) സിമ്മാക്കസ് (170 എ.ഡി) തിയോഡോഷ്യ (180 എ.ഡി) തുടങ്ങി പഴയ നിയമത്തിന്റെ പല പരിഭാഷകളും ഗ്രീക്കിലുണ്ടായി. എ.ഡി. 200കളിൽ ഒറിഗൻ എന്ന സഭാ പിതാവ് എബ്രായ പഴയനിയമത്തിന്റെ ഗ്രീക്ക് പദാനുപദ പരിഭാഷ സെപ്തുവജിന്റ്, അക്വില, സിമ്മാക്കസ്, തിയോഡോഷ്യൻ എന്നിവരുടെ പരിഭാഷകൾ സമാന്തരകോളങ്ങളിൽ ചേർത്തു പ്രസിദ്ധീകരിച്ചു. പിന്നീട് മസോറെറ്റൈസ് എന്ന പേരിൽ ഒരു കൂട്ടം യഹൂദ ശാസ്ത്രിമാർ പഴയനിയമം പകർത്തിയെഴുതുന്നതിനും വിതരണം ചെയ്യുന്നതിനുമായി മാർഗ്ഗങ്ങൾ അവലംബിച്ചു.

പുതിയ നിയമം ഗ്രീക്ക് ഭാഷയിലാണ് പ്രധാനമായും എഴുതപ്പെട്ടത്. എഴുതിയ സമയത്തു തന്നെ അപ്പോസ്തലന്മാരും പ്രവാചകന്മാരും വിവേചന വരമുള്ള ആദിമ കാല വിശ്വാസികളും അവയെ തിരുവെഴുത്തായിമ സ്സിലാക്കിയിരുന്നു.ഉ ദാ.2 പത്രോ. 3:15 അപ്പോസ്തലനായ പത്രോസ്, അപ്പോസ്തലനായ പൗലോസിന്റെ എഴുത്തുകളെ തിരുവെഴുത്തുകളായി മനസ്സിലാക്കിയിരുന്നു.; "അങ്ങനെ തന്നെ നമ്മുടെ പ്രിയ സഹോദരനായ പൗലോസും തനിക്ക് ലഭിച്ച ജ്ഞാനത്തിനു തക്കവണ്ണം നിങ്ങൾക്കും ഇതിനേക്കുറിച്ച് സംസാരിക്കുന്ന സകല ലേഖനങ്ങളിലും എഴുതീട്ടുണ്ടല്ലോ. അവയിൽ ഗ്രഹിപ്പാൻ പ്രയാസമുള്ളത് ചിലതുണ്ട്. അറിവില്ലാത്തവരും അസ്ഥിരന്മാരുമായവർ ശേഷം തിരുവെഴുത്തുകളെപ്പോലെ അതും തങ്ങളുടെ നാശത്തിനായി കോട്ടിക്കളയുന്നു." പ്രതിബന്ധങ്ങളിലൂടെ കടന്നുപോകുന്ന ക്രിസ്ത്യാനിക്ക് ഈ ലേഖനത്തിന്റെ പകർപ്പുകൾ എടുത്ത് വിതരണം ചെയ്തു എന്നു മനസ്സിലാക്കാവുന്നതാണ്. ആദിമ നാളുകളിലുണ്ടായ ഉപദ്രവങ്ങളും ദുരുപദേശങ്ങളുടെ കടന്നുകയറ്റവും രണ്ട് തരത്തിലുള്ള ഫലങ്ങളുണ്ടാക്കി. ഒന്നാമതായി, ഉപദ്രവത്തെ തുടർന്ന് ചിതറിപ്പോയ ക്രിസ്ത്യാനികൾ ചെന്നിടത്തെല്ലാം അവരോടൊപ്പം അന്ന് ലഭ്യമായിരുന്ന തിരുവെഴുത്തിന്റെ പകർപ്പുകളും എത്തി എന്നു ന്യായമായും മനസ്സിലാക്കാവുന്നതാണ്.

എബ്രായ ഭാഷയിലും ഗ്രീക്ക് ഭാഷയിലുമുള്ള പഴയനിയമ കാനോനിക ഗ്രന്ഥങ്ങൾ യഹൂദന്മാർ പോയ സ്ഥലങ്ങളിലെല്ലാം പകർപ്പുകളെടുത്ത് വിതരണം ചെയ്തു. ഇന്ത്യയിൽ വന്ന യഹൂദന്മാരും പഴയനിയമത്തിന്റെ പകർപ്പുകളെടുത്ത് അവരുടെ സുനഗോഗുകളിൽ സൂക്ഷിച്ചിരുന്നു. മട്ടാഞ്ചേരിയിലുള്ള ജൂത സുനഗോഗുകളിൽ ഇന്നും അവയുടെ



പകർപ്പ് കാണാവുന്നതാണ്. ആദിമ കാല ക്രിസ്ത്യാനികളും അവർ പോയ വഴികളിലെല്ലാം പഴയനിയമവും പുതിയ നിയമവും കൊണ്ടുപോവുകയും തദ്ദേശീയ ഭാഷകളിലേക്ക് ഭാഷാന്തരം ചെയ്യുകയും ചെയ്തിരുന്നു. അങ്ങനെ 66 കാനോനിക ഗ്രന്ഥങ്ങളും ക്രിസ്ത്യാനികൾ മുഖാന്തരം പ്രചരിക്കപ്പെട്ടു. രാജ്യാന്തര അതിർത്തികളും ഭാഷാപരമായ പ്രതിബന്ധങ്ങളും തരണം ചെയ്തു കാനോനിക തിരുവെഴുത്ത് ജനഹൃദയങ്ങളെ സ്വാധീനിച്ചും പരിവർത്തനം ചെയ്യിപ്പിച്ചും ഇന്നും മുന്നേറുന്നു.

പുരാതനകയ്യെഴുത്ത് പ്രതികളുടെ പകർപ്പുകൾ 1800 കളിൽ വെളിച്ചത്ത് വന്ന് തുടങ്ങി. ഇന്നും കൂടുതൽ പകർപ്പുകൾ വെളിച്ചത്ത് വന്നുകൊണ്ടിരിക്കുന്നു. പഴയനിയമം പകർത്തിയെഴുതിയ യഹൂദരും പുതിയ നിയമം പകർത്തിയെഴുതിയ ക്രിസ്ത്യാനികളും കൈകൊണ്ട് പകർത്തിയെഴുതുകയെന്ന കഠിനമായ ചുമതലയാണ് ഏറ്റെടുത്ത് നിർവ്വഹിച്ചത്.

അച്ചടി യന്ത്രത്തിന്റെ പ്രാകൃതരൂപമായ മരത്തിന്റെ അച്ചിൽ, റബ്ബർ സ്റ്റാമ്പിൽ അക്ഷരങ്ങൾ പതിപ്പിക്കുന്നതുപോലെയാണ് അക്ഷരങ്ങൾ ആലേഖനം ചെയ്തിരുന്നത്. അക്ഷരങ്ങൾ മാറ്റിവയ്ക്കുക ഇത്തരം അച്ചുകളിൽ സാധ്യമായിരുന്നില്ല. ഗുട്ടൻബർഗ്ഗിനു മുൻപ് തന്നെ ബൈബിളിന്റെ പകർപ്പുകൾ ഉണ്ടാക്കുന്നതിന് ആദിമകാല വിശ്വാസികൾ തങ്ങളാലാവുന്ന പ്രയത്നങ്ങൾ ചെയ്തിരുന്നുവെന്നത് ശ്രദ്ധേയമാണ്. ഗുട്ടൻബർഗ് അച്ചടി യന്ത്രം കണ്ടുപിടിച്ചതോടെയാണ് ബൈബിളിന്റെ പകർപ്പുകൾ എടുക്കുന്നത് എളുപ്പമായത്.

1455ൽ ഗുട്ടൻബർഗ് അച്ചടിയന്ത്രം കണ്ടുപിടിച്ചതോട് കൂടി ബൈബിളിന്റെ പകർപ്പുകൾ തയ്യാറാക്കുന്ന ദൗത്യത്തിൽ സമഗ്രമായ മുന്നേറ്റമുണ്ടായി. നിരവധി ഭാഷകളിൽ ബൈബിൾ അച്ചടിക്കപ്പെട്ടു. മിഷണറിമാരും കച്ചവടക്കാരും ഈ അച്ചടി യന്ത്രത്തെ രാജ്യരാജ്യാന്തരങ്ങളിലേക്ക് എത്തിച്ചത് മൂലം ബൈബിൾ ധാരാളം ഭാഷകളിലേക്കും ലക്ഷക്കണക്കിനു ആളുകളിലേക്കും എത്തിക്കുന്നതിനു സഹായകമായി. ഇലക്ട്രോണിക്സ് മാധ്യമത്തിന്റെ വ്യാപനം റേഡിയോ ബൈബിളും ഇലക്ട്രോണിക് ബൈബിളും ആളുകളിൽ എത്തിക്കുന്നതിനു മുഖാന്തരമായിക്കൊണ്ടിരിക്കുന്നു. കമ്പ്യൂട്ടറിന്റെ വികസനവും വേദപുസ്തകവ്യാപനത്തിനും പഠനത്തിനും ഉപകരിക്കുന്നു. ലഭ്യമായ പരിഭാഷകളെയും കൈയ്യെഴുത്ത് പ്രതികളെയും കുറിച്ച് പഠിച്ച് 66 പുസ്തകങ്ങളടങ്ങിയ തിരുവെഴുത്തിന്റെ കാനോനികത അംഗീകരിക്കാൻ ഇടയാകുന്നു.

ചുരുക്കത്തിൽ, തന്റെ വചനം ജനങ്ങളിലെത്തിക്കാൻ ദൈവം ചില വ്യക്തികളെ തന്റെ ജനമായ യഹൂദന്മാരിൽ നിന്നും ക്രിസ്ത്യാനികളിൽ നിന്നും തിരഞ്ഞെടുക്കുകയും അതിനുള്ള ഉപാധികൾ നൽകുകയും ചെയ്തു എന്നത് ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. കാനോനിക ഗ്രന്ഥങ്ങളായ 66 പുസ്തകങ്ങളിൽ ഓരോന്നും എഴുതിക്കഴിയുമ്പോൾ തന്നെ അവയുടെ പകർപ്പുകളും തയ്യാറാക്കുവാൻ ആളുകളെ ദൈവം എഴുന്നേൽപ്പിച്ചിരുന്നു. പിന്നീട് അവയുടെ പരിഭാഷകളും തയ്യാറായി. മൂലഗ്രന്ഥങ്ങളുടെ ആയിരക്കണക്കിനു കോപ്പികളും പരിഭാഷകളുടെ കോപ്പികളും വിതരണം ചെയ്യപ്പെട്ടു. മൂലഗ്രന്ഥങ്ങളുടെയും അവയുടെപ കർപ്പുകളുടെയുംേ കാപ്പികൾച ിലതു സുരക്ഷിതമായിരിക്കുകയും പുരാവസ്തു ഗവേഷകർക്ക് അത് ലഭിക്കുകയും ചെയ്തു. അതു സംബന്ധിച്ച വിവരങ്ങൾ ഇന്ന് സത്യാന്വേഷകർക്ക് ലഭ്യമായിരിക്കയാൽ കൂടുതൽ വ്യക്തതയോടെ വേദപുസ്തകത്തെ മനസ്സിലാക്കുവാനും അടുത്തറിയുവാനും സാധിക്കുന്നു.

ദൈവം തന്റെ പരിശുദ്ധാത്മാവിനാൽ തിരഞ്ഞെടുക്കപ്പെട്ട ജനത്തിലൂടെ തിരുവെഴുത്ത് നൽകിയപ്പോൾ അവ സുരക്ഷിതമാക്കാനുള്ള വിദ്യകളും സുരക്ഷിതമായി സൂക്ഷിക്കേണ്ടതിന്റെ ആവശ്യകതയും അവർക്ക് വെളിപ്പെടുത്തി നൽകി. മനുഷ്യർക്ക് ജീവനും ചൈതന്യവും നൽകുന്ന തിരുവെഴുത്ത് പവിത്രമായി തന്നെ തലമുറകൾക്ക് ലഭിക്കേണ്ടതിനായി ദൈവം ക്രമീകരണങ്ങൾ മുന്നൊരുക്കിയിരുന്നു. ആ നിലയിൽ എഴുത്ത്, പകർത്തിയെഴുത്ത്, പരിഭാഷ, വിതരണം തുടങ്ങിയ മാർഗ്ഗങ്ങളിലൂടെ തിരുവെഴുത്ത് പൊതുജനസമക്ഷം എത്തിയിരിക്കുന്നു.

വേദപുസ്തകത്തിന്റെ നിസ്തുല്യതയെ ചോദ്യം ചെയ്യുന്നവരും വേദപുസ്തക കാനോൻ സമ്പൂർണ്ണമെന്നു അംഗീകരിക്കാത്തവരും ബൈബിളിന്റെ മൂലഗ്രന്ഥങ്ങൾ നഷ്ടപ്പെട്ടുവെന്നും പകർപ്പുകളിൽ മാനുഷിക കൂട്ടിച്ചേർക്കലുകൾ ഉണ്ടെന്നും വാദിക്കുന്നു. ഇന്നത്തേക്കാളുപരി തിരുവെഴുത്തിനെ മാനിക്കുകയും സൂക്ഷിക്കുകയും ചെയ്ത ആദിമകാല വിശ്വാസികൾ ബൈബിൾ പകർത്തിയെഴുതിയപ്പോൾ പിശകുകൾ കടന്നുവരാതെ പകർത്താൻ ശ്രദ്ധിച്ചിരുന്നു എന്നത് തിളക്കമറ്റ സംഗതിയാണ്. കാരണം വചനം അവർക്ക് എല്ലാമെല്ലാമായിരുന്നു. ●



# ബൈബിളിന്റെ പ്രധാന കൈയ്യെഴുത്തു പ്രതികൾ

**ഡോ. ജോൺസൺ സി. ഫിലിപ്പ്**

ബൈബിളിലെ 66 പുസ്തകങ്ങളുടെ എഴുത്തുകാർ (40 പേരും) എഴുതിയ ഒറിജിനൽ എഴുത്തുകൾ ഇക്കാലത്ത് ആരെങ്കിലും കാണുകയോ, ഉപയോഗിക്കുകയോ ചെയ്തിട്ടുണ്ടോ എന്നു ആളുകൾ സാധാരണയായി ചോദിക്കാറുണ്ട്. ചോദ്യം ന്യായമായതാകയാൽ ആ വിഷയം വസ്തുനിഷ്ഠമായി നമുക്കൊന്നു പരിശോധിക്കാം.

നൂറും ഇരുന്നൂറും വർഷങ്ങൾ പഴക്കമുള്ള ലോക പ്രശസ്തമായ പുസ്തകങ്ങളുടെ കൈയ്യെഴുത്ത് പ്രതികൾ ഇന്നു ലഭ്യമല്ല എന്ന യാഥാർത്ഥ്യം നാം ഓർക്കേണ്ടതുണ്ട്. പല കാരണങ്ങൾ കൊണ്ട് കൈയ്യെഴുത്തു പ്രതികൾ നശിക്കാം. ഉദാ. അനേകം കോപ്പികൾ അച്ചടിച്ച് കഴിയുമ്പോൾ കൈയ്യെഴുത്ത് പ്രതികൾ സൂക്ഷിക്കാൻ ചില എഴുത്തുകാർ ശ്രദ്ധിക്കാറില്ല. എല്ലാവരുടെയും കൈയ്യിൽ അച്ചടിച്ച പുസ്തകങ്ങൾ എത്തിയെന്നു അറിയുന്ന ചില എഴുത്തുകാർ കൈയ്യെഴുത്ത് പ്രതികൾ നശിപ്പിച്ച് കളയാറുണ്ട്. മറ്റു പല എഴുത്തുകളും കാലപ്പഴക്കം കൊണ്ടു മങ്ങിയും ദ്രവിച്ചും ചിതലരിച്ചും പോകുന്നു. നിങ്ങളുടെ പിതാമഹന്മാർ ഉപയോഗിച്ച പുസ്തകങ്ങളോ ഡയറികളോ ഇന്നു നിങ്ങളുടെ കൈവശമുണ്ടാകാനിടയില്ലല്ലോ. അഥവാ ഉണ്ടെങ്കിൽ തന്നെ അത് ദ്രവത്വം സംഭവിച്ച് പല വരികളും പേജുകൾ പോലും നഷ്ടപ്പെട്ടതോ ആയിരിക്കുമല്ലോ. ഇത് എല്ലാ കാലങ്ങളിലും സംഭവിക്കുന്ന കാര്യമാണ്. കാലപ്പഴക്കത്തിൽ വസ്ത്തുക്കൾ ഇല്ലാതായിത്തീരുന്നു.

ഇരുപ്പത്തിയൊന്നാം നൂറ്റാണ്ടിൽ ഇതാണ് സ്ഥിതിയെങ്കിൽ ഇന്നേക്ക് 2000 മുതൽ 2500 വർഷങ്ങൾക്ക് മുമ്പ് എഴുതപ്പെട്ട 66 പുസ്തകങ്ങളുടെ കൈയ്യെഴുത്ത് പ്രതികൾ ഇന്ന് കാണണമെന്ന് പറയുന്നത് തന്നെ യുക്തിക്ക് നിരക്കുന്നതല്ലല്ലോ. അക്കാലങ്ങളിൽ എഴുതുന്നതിനുപയോഗിച്ചിരുന്ന വസ്തുക്കൾ പെട്ടെന്ന് നശിക്കുന്നതായിരുന്നു. തന്നെയുമല്ല. നിഗൂഢവാദികളും വേദപുസ്തക നിഷേധികളും പെരുകിയിരിക്കുന്ന ഈ കാലയളവിൽ മൂലഗ്രന്ഥങ്ങൾ അന്വേഷിക്കുന്നത് പോലെ ഒരു സാഹചര്യം അന്നില്ലാതിരുന്നതിനാൽ അവ ദീർഘകാലത്തേക്ക് സൂക്ഷിക്കേണ്ടതിന്റെ ആവശ്യകതയും അക്കാലത്തുള്ളവർ വേണ്ടതുപോലെ ശ്രദ്ധിച്ചിരുന്നില്ല എന്നതും ചിന്തനീയമാണ്. തന്നെയുമല്ല തിരുവെഴുത്ത് എഴുതിയ കാലയളവിൽ തന്നെ അനേകം പകർപ്പുകളും പരിഭാഷകളും ഉണ്ടായതും, അച്ചടിരംഗത്തെ പുരോഗതിക്കനുസരിച്ച് വേദപുസ്തകത്തിന്റെ പകർപ്പുകൾ അച്ചടിച്ചതും മൂലം അക്കാലത്തെ ജനങ്ങൾക്ക് പെട്ടെന്ന് നശിച്ച് പോകുന്ന വസ്തുക്കളിലെഴുതിയ കൈയ്യെഴുത്ത് പ്രതികൾ സൂക്ഷിക്കേണ്ട ആവശ്യം തോന്നിയില്ലെന്നതും, സൂക്ഷിക്കണമെന്നു ചിന്തിച്ചാൽ തന്നെ 2500-ൽപരം വർഷങ്ങൾ അവ അങ്ങനെ തന്നെ നിൽക്കുമെന്ന് ചിന്തിക്കുന്നതും അസ്ഥാനത്താണ്. ആകയാൽ ഇന്ന് കൈയ്യെഴുത്ത് പ്രതികൾക്കായി ആവശ്യമുന്നയിക്കുന്നതും യുക്തിക്ക് നിരക്കുന്ന കാര്യമല്ല.

എന്നിരുന്നാലും, പഴയനിയമത്തിന്റെയും പുതിയ നിയമത്തിന്റെയും പല കൈയ്യെഴുത്ത് പ്രതികളും ഇന്ന് ലഭ്യമാണെന്നത് തിരുവെഴുത്തിന്റെ സംരക്ഷണത്തിൽ ആദിമകാല ഭക്തർ എത്ര ശ്രദ്ധ പുലർത്തി എന്ന് തെളിയിക്കുന്നു. ഓരോ തലമുറയിലുമുള്ള ഭക്തരായ യഹൂദരും ക്രിസ്ത്യാനികളും തിരുവെഴുത്തിന്റെ പകർപ്പുകളെടുത്ത് വിതരണം ചെയ്യുകയും സൂക്ഷിക്കുകയും ചെയ്തതിനാലാണ് നമുക്ക് അവ ലഭ്യമായിരിക്കുന്നത്. ലഭ്യമായിരിക്കുന്ന കൈയ്യെഴുത്ത് പ്രതികളെക്കുറിച്ച് പഠിക്കുന്നതിനു മുൻപ് ഇന്ന് ലഭ്യമായിരിക്കുന്ന മറ്റ് പുരാതനലിഖിതങ്ങളുടെ ഒരു കണക്ക് നമുക്ക് പരിശോധിക്കാം.

| എഴുത്തുകാരൻ | എഴുതിയ കാലയളവ് | പുരാതന കോപ്പി | ഒറിജിനലും പകർപ്പും തമ്മിലുള്ള ദൈർഘ്യം | പകർപ്പുകളുടെഎണ്ണം | പകർപ്പുകളുടെ കൃത്യത |
|---|---|---|---|---|---|
| ലുക്രേഷ്യസ് | ബി.സി. 55/53 ൽ മരിച്ചു | 1100 വർഷം | | 2 | ഇല്ല |
| പ്ലിനി | 61-113 എ.ഡി. | 850 എ.ഡി. | 750 വർഷം | 7 | ഇല്ല |
| പ്ലേറ്റോ | 427-347 എ.ഡി. | 900 എ.ഡി | 1200 വർഷം | 7 | ഇല്ല |
| ഡെമൊസ്തെനെസ് | ബി.സി.4-ാം നൂറ്റാണ്ട് | 1100 എ.ഡി. | 1300 വർഷം | 8 | ഇല്ല |
| ഹെറോഡോട്ടസ് | 480-425 ബി.സി | 900 എ.ഡി | 1300 വർഷം | 8 | ഇല്ല |
| സ്യൂട്ടോനിയസ് | 75-160 എ.ഡി. | 950 എ.ഡി | 800 വർഷം | 8 | ഇല്ല |
| തുസിഡൈഡ്സ് | 460-400 ബി.സി | 900 എ.ഡി. | 1300 വർഷം | 8 | ഇല്ല |
| യൂറിപിഡൈസ് | 480-406 ബി.സി. | 1100 എ.ഡി. | 1300 വർഷം | 9 | ഇല്ല |
| അരിസ്റ്റോഫെനെസ് | 450-385 ബി.സി. | 900 എ.ഡി. | 1200 വർഷം | 10 | ഇല്ല |
| സീസർ | 100-44 ബി.സി | 900 ബി.സി. | 1000 വർഷം | 10 | ഇല്ല |
| ലിവി | 59 ബി.സി -17 A.D | ഉറപ്പില്ല | ഉറപ്പില്ല | 20 | ഇല്ല |
| ടാസിറ്റസ് | 100 എ.ഡി. | 1100 എ.ഡി. | 1000 വർഷം | 20 | ഇല്ല |
| അരിസ്റ്റോട്ടിൽ | 384-322 ബി.സി. | 1100 എ.ഡി | 1400 വർഷം | 49 | ഇല്ല |
| സൊഫോക്ലെസ് | 496-406 ബി.സി | 1000 എ.ഡി. | 1400 വർഷം | 193 | ഇല്ല |
| ഹോമെർ | 900 ബി.സി. | 400 ബി.സി. | 500 വർഷം | 643 | ഇല്ല |
| പുതിയ നിയമം | 40-70 എ.ഡി. | 50 എ.ഡി. | 10 വർഷത്തിൽ താഴെ | 5600 | 99.95% |

ഈ പട്ടികയിലെ എഴുത്തുകാരുടെ ജീവിതകാലയളവും പകർപ്പുകളുടെ കാലയളവും തമ്മിൽ 100- 1000 വർഷങ്ങളിലെ അകലമുണ്ട്. എന്നിരുന്നാലും അവരുടെ എഴുത്തുകളുടെ പകർപ്പുകൾ ആധികാരികവും വിശ്വാസീയവുമെന്ന് പൊതുവെ അംഗീകരിക്കുന്നു.

ഇതുമായി തുലനം ചെയ്യുമ്പോൾ പുതിയ നിയമത്തിന്റെ ഇന്നു ലഭ്യമായിരിക്കുന്നതിൽ വെച്ച് ഏറ്റവും പഴയ കയ്യെഴുത്ത് പ്രതിയുടെ ഭാഗം തയ്യാറാക്കിയത് 50 എ.ഡിയിൽ ആണ്. രണ്ട്, മൂന്ന് നൂറ്റാണ്ടുകളായപ്പോഴേക്ക് അതിന്റെ പകർപ്പുകളുടെ എണ്ണം വളരെ കൂടി. പഴയനിയമത്തിലെ അവസാനപുസ്തകം എഴുതപ്പെട്ടത് 400 ബി.സിയിലാണ്. പഴയനിയമത്തിലെ 39 പുസ്തകങ്ങളെയും പ്രതിനിധീകരിക്കുന്ന പഴയനിയമത്തിന്റെ 300 ബി.സി. യിലെ കൈയ്യെഴുത്ത് പ്രതികൾ ചാവുകടൽ ചുരുളുകൾക്കൊപ്പം ലഭിച്ചു. ഒരു പുസ്തകത്തിന്റേത ന്നെഒ ന്നിലധികംപ കർപ്പുകളും അക്കൂട്ടത്തിലുണ്ടായിരുന്നു. ബൈബിൾ പോലെ ഇത്രയധികം കൈയ്യെഴുത്ത് പ്രതികളും അവയുടെ പകർപ്പുകളും നിരവധി ഭാഷകളിലേക്കും രാജ്യങ്ങളിലേക്കും വ്യാപിച്ച മറ്റൊന്നുമില്ല എന്നത് ബൈബിളിന്റെ നിസ്തുല്യതയ്ക്ക് തെളിവാണ്. ഈ വിഷയങ്ങൾ മനസ്സിൽ വച്ചുകൊണ്ട് നമുക്ക് ബൈബിൾ സംബന്ധമായ ചില പ്രധാനകൈയ്യെഴുത്ത് പ്രതികളെക്കുറിച്ച് ചിന്തിക്കാം.

1. **ചാവുകടൽ ചുരുളുകൾ:** 1946ൽ ആട്ടിടയന്മാരായ ചില ബാലന്മാർ ചാവുകടലിന്റെ സമീപത്തുള്ള ഗുഹകളിൽ നിന്നും (വെസ്റ്റ്ബാങ്കിനു സമീപമുള്ള ഖിർബറ്റ് ഖുമ്രാൻ) ചില മൺഭരണികൾ കണ്ടെത്തി. ഈ വാർത്ത വളരെവേഗം പ്രചരിക്കുകയും ചില കള്ളന്മാർ അവ മോഷ്ടിച്ചെടുത്ത് കരിഞ്ചന്തയിൽ വലിയ വിലയ്ക്ക് വിൽക്കുകയും ചെയ്തു. ചില ഗവേഷകർ സ്ഥലം സന്ദർശിക്കുകയും അവയുടെ പ്രാധാന്യം മനസ്സിലാക്കുകയും ഗവൺമെന്റിന്റെ സഹായത്തോടെ വലിയ വില കൊടുത്ത് അവ കൈവശപ്പെടുത്തുകയും ചെയ്തു.

ഇന്നു ചാവുകടൽ ചുരുളുകൾ എന്നറിയപ്പെടുന്നത് 1946 - 1956 കാലയളവിൽ കണ്ടെത്തിയ 977 കൈയ്യെഴുത്ത് പ്രതികളുടെയും അസംഖ്യം പുരാതനലിഖിതത്തിന്റെ കഷണങ്ങളെയുമാണ്. ഇതിൽ

പഴയനിയമത്തിന്റെ അറിയപ്പെട്ടതിൽ വെച്ച് ഏറ്റവും പുരാതനമായ കൈയ്യെഴുത്ത് പ്രതികളും മറ്റു ചില പുസ്തകങ്ങളുമുണ്ട്. എബ്രായ, ഗ്രീക്ക്, അരാമ്യ, നബാറ്റ്യൻ, എന്നീ ഭാഷകളിലാണ് അവ എഴുതപ്പെട്ടിരിക്കുന്നത്. അതിൽ ഭൂരിഭാഗവും പാർച്ച്മെന്റിലും ചിലത് പാപ്പിറസിലും വേറെ ചിലത് വെങ്കലത്തിന്റെ തകിടുകളിലും എഴുതപ്പട്ടവയായിരുന്നു. ലഭ്യമായ കാലനിർണ്ണയ സംവിധാനമുപയോഗിച്ച് പരിശോധിച്ച ഗവേഷകർ അവ ബി. സി. 300–നും 200–നും മധ്യേ എഴുതപ്പെട്ടവയെന്നു കണക്കാക്കി. പഴയനിയമത്തിലെ ഏറ്റവും അവസാനത്തെ പുസ്തകം ബി.സി. 400–ൽ എഴുതപ്പെട്ടു എന്നതിനെ സാധൂകരിക്കുന്ന കണ്ടുപിടുത്തമായിരുന്നു ഇത്.

എന്തിനേറെ പറയുന്നു. ചില വർഷങ്ങൾക്കു മുമ്പ് നമ്മുടെ കൈവശമുണ്ടായിരുന്ന പുരാതനകയ്യെഴുത്ത് പ്രതികളാണ് മസോറെറ്റിക്. 400 വർഷങ്ങൾക്കു മുമ്പ് രചിക്കപ്പെട്ട കൈയ്യെഴുത്ത് പ്രതിയുമായി ചാവുകടൽ ചുരുളുകളെ തുലനം ചെയ്തപ്പോൾ പകർത്തിയെഴുതിയവർ എത്ര കൃത്യതയോടെയാണ് ബൈബിൾ പകർത്തിയെഴുതിയതെന്ന് വ്യക്തമായി. ബൈബിൾ തെറ്റില്ലാത്തതായിരിപ്പാൻ അവർ സസൂക്ഷ്മം അക്ഷരങ്ങൾ ഓരോന്നും പകർത്തിയെഴുതി.

**2. നാഷ് പാപ്പിറസ്:** ബി.സി. 200 നും 100 നും ഇടയിൽ തയ്യാറാക്കിയ പഴയനിയമ ഭാഗങ്ങളുടെ 4 പാപ്പിറസുകളാണിവ. 1898 ൽ സൊസൈറ്റി ഓഫ് ബ്ലിബ്ലിക്കൽ ആർക്കിയോളജിയുടെ സെക്രട്ടറിയായിരുന്ന ഡബ്ല്യു. എൽ. നാഷ് ഈജിപ്തിൽ നിന്നും ഇവ വിലയ്ക്ക് വാങ്ങി. പിന്നീട് അദ്ദേഹം അവ 1903 ൽ കെംബ്രിഡ്ജ് യൂണിവേഴ്സിറ്റി ലൈബ്രറിക്ക് നൽകി.

**3.കോഡെക്സ് ഓറിയെന്റ്സ്** : എ.ഡി. 820 നും 850നും ഇടയിൽ തയ്യാറാക്കപ്പെട്ട ഈ കൈയ്യെഴുത്ത് പ്രതിയിൽ ഉല്പത്തി മുതൽ ആവർത്തനം വരെയുള്ള 5 പുസ്തകങ്ങൾ ഉൾക്കൊള്ളുന്നു.

**4. കോഡെക്സ് കെയറെൻസിസ്:** എ.ഡി. 895–ൽ എഴുതപ്പെട്ട ഈ കൈയ്യെഴുത്ത് പ്രതി 1099ൽ ക്രൂസേഡേഴ്സ് പിടിച്ചെടുത്ത് യൂറോപ്പിലേക്ക് കൊണ്ട് വന്നു. ഇന്ന് ഇത് ഹീബ്രു യൂണിവേഴ്സിറ്റിയിൽ സൂക്ഷിച്ചിട്ടുണ്ട്. പ്രവാചക പുസ്തകങ്ങളടങ്ങിയ 500 പേജുകളാണിതിലുള്ളത്.

**5. അലെപ്പോ കോഡെക്സ്** : എ.ഡി. 900ൽ എഴുതപ്പെട്ട ഇതിൽ പഴയനിയമത്തിന്റെ എല്ലാ ഭാഗങ്ങളും തന്നെയുണ്ട്. പിന്നീട് കൈമാറ്റത്തെതുടർന്ന് ഇതിന്റെ പല ഭാഗങ്ങളും നഷ്ടപ്പെട്ടിട്ടുണ്ട്. പഴയനിയമ എബ്രായ ബൈബിളിന്റെ ഏറ്റവും ആധികാരികമായ പകർപ്പുകളിലൊന്നാണിത്.

**6. ഡമാസ്കസ് കേറ്റർ:** അലെപ്പോ കോഡെക്സിന്റെ പകർപ്പാണിത്. എ.ഡി. 900–ൽ ഇസ്രായേലിലാണ് ഇത് തയ്യാറാക്കിയത്. കൈയ്യെഴുത്ത് പ്രതികൾ തയ്യാറാക്കുന്ന സമൂഹത്തിനു അറബിയിൽ പറയുന്ന പേരാണ് കേറ്റർ. ദമാസ്ക്കസിലുണ്ടായിരുന്ന യഹൂദന്മാർ ഉപയോഗിച്ചിരിക്കുന്ന ഈ കൈയ്യെഴുത്ത് പ്രതികൾ ഇപ്പോൾ ജ്യൂവിഷ് നാഷണൽ യൂണിവേഴ്സിറ്റി ലൈബ്രറിയിൽ സൂക്ഷിച്ചിരിക്കുന്നു.

**7. കോഡെക്സ് ലെൻഗ്രാഡെൻസിസ്** : എ.ഡി. 1008ൽ തയ്യാറാക്കിയ ഈ കയ്യെഴുത്ത് പ്രതിയിൽ പഴയനിയമം മുഴുവൻ ഉണ്ട്. പഴയനിയമ തിരുവെഴുത്തിന്റെ ഏറ്റവും വിശ്വസനീയമായ പകർപ്പുകളിലൊന്നാണിത്.

**8. മിഷിഗൺ കോഡെക്സ്** : അനേകം വർഷങ്ങളായി തിരിച്ചറിയപ്പെടാത്ത നിലയിൽ മിഷിഗൺ യൂണിവേഴ്സിറ്റിയിലെ ലൈബ്രറിയിലുണ്ടായിരുന്നതും പിന്നീട് തിരിച്ചറിഞ്ഞതുമായ ഒന്നാണിത്. പഴയനിയമത്തിന്റെ നല്ലൊരു ഭാഗം പുസ്തകങ്ങളടങ്ങിയതും വിശ്വസനീയമായതുമായ ഒരു കൈയ്യെഴുത്ത് പ്രതിയാണിത്.

**9. കോഡെക്സ് റൂഖ്ലിനസ്** : 1105 ൽ തയ്യാറാക്കിയ ഈ കൈയ്യെഴുത്ത് പ്രതിയിൽ പ്രവാചക പുസ്തകങ്ങൾ മിക്കതും അടങ്ങിയിരിക്കുന്നു.

**10. കെയ്റോ ജെനിസ:** ഈജിപ്തിലെ കാരിയോ എന്ന സ്ഥലത്തെ സുനഗോഗിലെ ഭണ്ഡാരശാലയിൽ നിന്നും ലഭിച്ച ഈ പുസ്തകസമുച്ചയത്തിൽ 3 ലക്ഷത്തിൽ പരം യഹൂദന്മാരുടെ തിരുവെഴുത്തിന്റെ ഭാഗങ്ങളും മറ്റു പുസ്തകങ്ങളും അടങ്ങിയിരിക്കുന്നു. 870 എ.ഡി തുടങ്ങി പത്തൊൻപതാം നൂറ്റാണ്ട് വരെയുള്ള കാലഘട്ടത്തിൽ രചിക്കപ്പെട്ട പുസ്തകങ്ങൾ ഇതിലുണ്ട്. എബ്രായ, അറബി, അരാമ്യ തുടങ്ങിയ ഭാഷകളിലുള്ള എഴുത്തുകളാണിവ. വെല്ലം, പേപ്പർ, പാപ്പിറസ്, തുണി എന്നിവയിലുള്ള എഴുത്തുകളാണിവയിൽ ഭൂരിഭാഗവും.

**11. ബെൻ ആഷേർ:** ടിബെരിയൻ എന്ന പേരിൽസ ്വരാക്ഷരങ്ങളെഎ ഴുതുന്നര ീതി അവതരിപ്പിച്ച ഒരു യഹൂദ ശാസ്ത്രിയായി

രന്നു ആരോൻ ബെൻ മോസെസ് ബെൻ ആഷെർ. 960 എ.ഡിയിൽ താൻ തയ്യാറാക്കിയ പഴയനിയമത്തിന്റെ കൈയ്യെഴുത്ത് പ്രതികൾ യഹൂദന്മാർ പഴയനിയമത്തിന്റെ ഏറ്റവും വിശ്വസനീയമായ പകർപ്പായി കണക്കാക്കി വരുന്നു.

**12. കോഡെക്സ്** : ഒറിജിനൽ സമാഹാരത്തിൽ സമ്പൂർണ്ണ ബൈബിൾ ഉൾകൊള്ളുന്ന ഒരു കൈയ്യെഴുത്ത് പ്രതിയാണിത്. സീനായ് മലയടി വാരത്തുള്ള ഗ്രീക്ക് ഓർത്തഡോക്സ് ആശ്രമത്തിൽ നിന്നും 1880 ൽ കണ്ടെത്തി. ഇതേ കൈയ്യെഴുത്ത് പ്രതിയുടെ പല താളുകളും 1900–2000 കാലയളവിൽ കണ്ടെത്തി. ഈ ഗ്രന്ഥ സമാഹാരത്തിന്റെ ഭൂരിഭാഗവും ബ്രിട്ടീഷ് ലൈബ്രറിയിലാണ് സൂക്ഷിച്ചിരിക്കുന്നത്. മറ്റ് നാലു ലൈബ്രറികളിലായി ബാക്കി ഭാഗങ്ങളും സൂക്ഷിച്ചിരിക്കുന്നു. 40 സെ.മി. വീതിയും 70 സെ.മി. നീളവുമുള്ള നല്ല നിലവാരമുള്ള പാർച്ച്മെന്റിലാണ് ഇത് തയ്യാറാക്കിയിരിക്കുന്നത്. എ.ഡി. 325, 360 കാലഘട്ടങ്ങളിലാണ് ഇത് എഴുതപ്പെട്ടത്.

**13. കോഡെക്സ് വത്തിക്കാനസ്:** ഇന്നു ലഭ്യമായിരിക്കുന്നതിൽ വെച്ച് ഏറ്റവും പഴയ കോഡെക്സാണ് ഗ്രീക്ക് ഭാഷയിലുള്ള ഈ സമ്പൂർണ്ണ ബൈബിൾ. എ.ഡി. 300 കാലയളവിൽ എഴുതപ്പെട്ടതാണിത്. വെല്ലത്തിന്റെ (കന്നുകാലിയുടെ തുകൽ സംസ്ക്കരിച്ചുണ്ടാക്കുന്ന സുതാര്യമായ തുകൽ പാളികൾ) 759 താളുകളിൽ എഴുതപ്പെട്ടഇ ൗെ കൈയ്യെഴുത്ത് പ്രതികളുടെ സമാഹാരം വത്തിക്കാൻ ലൈബ്രറിയിൽ പതിനഞ്ചാം നൂറ്റാണ്ടുമുതൽ തന്നെ സംരക്ഷിക്കപ്പെട്ടിരുന്നുവെങ്കിലും അത് തിരിച്ചറിയപ്പെട്ടിരുന്നില്ല എന്നു പറയാം. വത്തിക്കാൻ ലൈബ്രറിയുടെ ചുമതലക്കാരുമായി എറാസ്മസ് എന്ന പുരാവസ്തു ഗവേഷകൻ നടത്തിയ ആശയവിനിമയത്തിൽ നിന്നുമാണ് ലോകത്തിന് ഇത് സംബന്ധിച്ച അറിവ് ലഭിച്ചത്.

**14. എഫ്രയീമി രെസ്ക്രിപ്റ്റസ്** : വെല്ലത്തിൽ ഒരിക്കൽ എഴുതിയ അക്ഷരങ്ങൾ മായിച്ചുകളഞ്ഞ് വീണ്ടും എഴുതുവാൻ സാധിക്കുമായിരുന്നു. ഒരു സിറിയൻ എഴുത്തുകാരനായ എഫ്രയിം എ.ഡി. 400–ൽ ഒരു ബൈബിൾ കയ്യെഴുത്ത് പ്രതി മായിച്ച് അതിൽ തന്റെ പ്രസംഗങ്ങൾ എഴുതിച്ചേർത്തു. 1840ൽ അതു കണ്ടെത്തുന്നത് വരെ ഏകദേശം 1400 വർഷങ്ങൾ അത് സുരക്ഷിതമായിത്തന്നെ ഇരുന്നു. ഈ കാലമായപ്പോഴേക്കും മായിച്ച് കളഞ്ഞ ഒറിജിനൽ എഴുത്ത് തിരിച്ചറിയുന്നതിനുള്ള വിദ്യ മനുഷ്യൻ കണ്ടെത്തിയിരിക്കുന്നു. അങ്ങനെ എഫ്രയീമി മായിച്ച് കളഞ്ഞ ഒറിജിനൽ ബൈബിൾ വാക്യങ്ങൾ അവർ തിരിച്ചറിയുകയും സംരക്ഷിക്കുകയും ചെയ്തു. ഇതാണ് എഫ്രയിമീ റെസ്ക്രിപ്റ്റസ് (എഫ്രയീമീ പുറമെ എഴുതി എന്നർത്ഥം) എന്നറിയപ്പെടുന്നത്. ഈ കോഡെക്സിൽ 209 താളുകളുണ്ടായിരുന്നു. അതിൽ 64 എണ്ണത്തിൽ പഴയനിയമ ഭാഗങ്ങളും 145 എണ്ണത്തിൽ പുതിയനിയമത്തിന്റെ ഭാഗങ്ങളും ഉണ്ടായിരുന്നു.

**15. സൈനയിറ്റിക് സിറിയക്:** പഴയനിയമ പുസ്തകങ്ങളും പുതിയ നിയമ പുസ്തകങ്ങളും എഴുതപ്പെട്ടു കഴിഞ്ഞപ്പോൾ തന്നെ അവ നിരവധി ഭാഷകളിലേക്ക് ഭാഷാന്തരം ചെയ്യുന്നതിനും ആരംഭിച്ചു.അ വയിൽ്ര പധാനപ്പെട്ടഒ ന്നാണ്അ രാമ്യ ഭാഷ. പുരാതനകയ്യെഴുത്ത് പ്രതികളിൽ പലതും അരാമ്യഭാഷയിലാണുള്ളത്. എ.ഡി. 100–കളിൽ പരിഭാഷപ്പെടുത്തിയ പുതിയ നിയമത്തിലെ 4 സുവിശേഷങ്ങളും സൈനായിറ്റിക് സിറിയക്കിലുണ്ട്. ഗ്രീക്ക് വാക്കുകളും പ്രയോഗങ്ങളും എങ്ങനെ കൈകാര്യം ചെയ്യണമെന്നത് സംബന്ധിച്ച് അറിവ് ലഭിക്കുന്നതിനു ഇത്രയും പുരാതനമായ പരിഭാഷയെ്ര ഗീക്ക്ക യ്യെഴുത്ത്്ര പതിയുമായി തുലനം ചെയ്യുന്നത് മൂലം സാധിക്കും.

**16. പെഷിറ്റ:** പഴയനിയമത്തിന്റെ സിറിയൻ പരിഭാഷയ്ക്ക് നൽകപ്പെട്ടിട്ടുള്ള പേരാണിത്. ബൈബിളിന്റെ 250ൽപരം പെഷിറ്റകൾ അറിയപ്പെടുന്നവയായിട്ടുണ്ട്. ലഭ്യമായ പുതിയ നിയമത്തിന്റെ പെഷിറ്റയും ഇതിനെ അപേക്ഷിച്ച് വളരെ കൂടുതലാണ്.

**17. ഓക്സിറിങ്കസ് പാപ്പിറി:** ഈജിപ്തിലെ ഓക്സിറിങ്കസ് എന്ന സ്ഥലത്ത് നിന്നും 1800ന്റെ അവസാനത്തിലും 1900–ന്റെ ആരംഭത്തിലുമായി കണ്ടെത്തിയ വലിയൊരു കൂട്ടം കൈയ്യെഴുത്ത് പ്രതികളാണിവ. സഭാകാലയളവിൽ (എ.ഡി. 500 വരെയുള്ള കാലങ്ങളിൽ) എഴുതപ്പെട്ടയാണിവ. പഴയനിമത്തിന്റെയും പുതിയ നിയമത്തിന്റെയും പാപ്പിറിയിൽ എഴുതിയ നല്ലൊരു ശതമാനം പുസ്തകങ്ങളും ഇതിലുണ്ട്.

**18. ബോഡ്മേർ പാപ്പിറി** : 1952ൽ ഈജിപ്തിൽ കണ്ടെത്തിയ 22 പാപ്പിറികളുടെ സമാഹാരമാണിത്. മാർട്ടിൻ ബോഡ്മേർ എന്ന വ്യക്തി അവ വിലയ്ക്ക് വാങ്ങി. പുതിയനിയമത്തിന്റെയും പഴയനിയമത്തിന്റെയും ഭാഗങ്ങൾ അതിലുണ്ടായിരുന്നു. അവയിൽ ഏറ്റവും പഴയത് പി66 എന്നറിയപ്പെടുന്നു. എ.ഡി 200ൽ എഴുതപ്പെട്ടതാണിത്.

**19. കോഡെക്സ് വാഷിംഗ്ടണ്ണേസിസ്** : സുവിശേഷങ്ങളുടെ വാഷിംഗ്ടൺ കയ്യെഴുത്ത് പ്രതികൾ എന്ന പേരിലും അറിയപ്പെടുന്ന ഇതിൽ നാല് സുവിശേഷങ്ങളും ഉൾപ്പെടുന്നു. ഗ്രീക്ക് ഭാഷയിൽ വെല്ലത്തിൽ (സംസ്ക്കരിച്ച തുകൽ) എഴുതിയ ഇവ എ.ഡി. 300-450 കാലയളവിലാണ് എഴുതപ്പെട്ടത്. 187 താളുകളിലായി എഴുതപ്പെട്ട ഇവ പെയിന്റെ ചെയ്ത തടികൊണ്ടുള്ള ബയന്റിങ്ങിനുള്ളിലായിരുന്നു. ഇവ സൂക്ഷിക്കപ്പെട്ടിരിക്കുന്നത്.

**20. ചെസ്റ്റർ ബീറ്റി പാപ്പിറി** : ചെസ്റ്റർ ബീറ്റി എന്ന ആൾ കൈവശമാക്കിയതും 1931ൽ പഠനത്തിനു ലഭ്യമാക്കിയതുമായ പാപ്പിറസ് ലിഖിതങ്ങളാണിവ. പുതിയ, പഴയനിയമ പുസ്തകങ്ങളുടെ ഭൂരിഭാഗവും ഇതിലുണ്ട്. ക്രിസ്തീയ ചരിത്രത്തിന്റെ ആദിമകാലത്തെ എഴുത്തുകളാണിവ.

**21. മറ്റ് പുതിയ നിയമ പാപ്പിറി**: പുതിയ നിയമകാലമായപ്പോഴേക്കും പാപ്പിറി സുലഭമായിരുന്നു. തുകൽച്ചുരുളുകളേക്കാൾ ചിലവു കുറഞ്ഞതായതുകൊണ്ട് കൂടുതലായി വിതരണം ചെയ്യുന്നതിനു പാപ്പിറി പ്രചാരത്തിൽ ഉണ്ടായിരുന്നു. പുതിയ നിയമത്തിന്റെ ധാരാളം പകർപ്പുകൾ പാപ്പിറിയിൽ തയ്യാറാക്കപ്പെട്ടു. അതിൽ പലതും നശിച്ചുപോയി എങ്കിലും ആയിരക്കണക്കിനു പകർപ്പുകൾ പൂർണ്ണമായോ ഭാഗികമായോ സംരക്ഷിക്കപ്പെട്ടു. കമ്പ്യൂട്ടറുകളുടെ ആവിർഭാവത്തോടെ അവയെ പരിശോധിക്കുവാനും മറ്റും ആധുനിക ഗവേഷകർക്ക് സാധിക്കുന്നു.

**22. ദി ഗ്രീൻ കളക്ഷൻ** : ബൈബിളിന്റെ കൈയ്യെഴുത്ത് പ്രതികൾ ഉൾപ്പെടെ വേദപുസ്തകാനുബന്ധമായ 40,000 ലിഖിതങ്ങൾ ഉൾപ്പെടുന്ന ഒരുകൂട്ടം കയ്യെഴുത്ത് പ്രതികളാണിവ. ഹോബി ലോബി എന്ന പേരിൽ അമേരിക്കയിൽ അറിയപ്പെടുന്ന ധാനാഠ്യരായ ഒരു കച്ചവട സംഘത്തിന്റെ കൈവശത്തിലാണിവഉ ണ്ടായിരുന്നത്.െ ബൈബിളിന്റെ കയ്യെഴുത്ത് പ്രതികളും, വേദാനുബന്ധമായ എഴുത്തുകളുടെ ഇത്രയും വലിയ സമാഹാരം ഒരു കുടുംബത്തിന്റേതായിരിക്കുന്നത് ഗ്രീൻ കളക്ഷൻ ആണ്. ബൈബിളിന്റെ അതിപുരാതന കയ്യെഴുത്ത് പ്രതികളും അതിലുണ്ടായിരുന്നു.

**23. ദി ഫ്രീർ കളക്ഷൻ**: എ.ഡി. 100ലും 500ലും എഴുതപ്പെട്ട 6 ബൈബിൾ കയ്യെഴുത്ത് പ്രതികളാണിവ. അതിൽ 5 എണ്ണം ഗ്രീക്കിലും ഒരെണ്ണം കോപ്റ്റിക് ഭാഷയിലുമാണ്. ചാൾസ് ഫ്രീർ എന്ന വ്യക്തി അത് വാങ്ങുകയും ഇന്ന് വാഷിങ്ടണ്ണിലുള്ള ഫ്രീർ ആർട്ട് ഗാലറിയിൽ സൂക്ഷിച്ചിരിക്കുകയും ചെയ്യുന്നു.

പ്രധാന കൈയ്യെഴുത്ത് പ്രതികളിൽ ചിലത് മാത്രമാണ് ഞങ്ങൾ ഇവിടെ പരാമർശിച്ചിരിക്കുന്നത്. എബ്രായ, ഗ്രീക്ക് ഭാഷകളിൽ എഴുതപ്പെട്ട ബൈബിൾ കൈയ്യെഴുത്ത് പ്രതികൾ പൂർണ്ണമായും ഭാഗീകമായും ലഭ്യമായിരിക്കുന്നതിന്റെ അളവ് നമ്മെ അമ്പരപ്പിക്കും വിധം അനേകമാണ്. ഇവയുടെ സിറിയൻ, കോപ്റ്റിക് പരിഭാഷകളുടെ എണ്ണം കൂടി എടുത്താൽ അവ ഒന്നിച്ച് വയ്ക്കണമെങ്കിൽ വലിയൊരു ലൈബ്രറി തന്നെ ആവശ്യമായി വരും.

ഇത്രയും വിപുലമായ കൈയ്യെഴുത്ത് പ്രതികൾ ലഭ്യമാകയാൽ ഗവേഷകർക്ക് എഴുത്തുകളെ തുലനം ചെയ്യുന്നതിനും വളരെ കൃത്യമായ നിഗമനത്തിലെത്തുന്നതിനും അത് സഹായകമാകുന്നു. അതുകൊണ്ടാണ് നമ്മുടെ കൈവശമുള്ള ബൈബിളിൽ ഇത്ര ഉറപ്പും നിശ്ചയവും നമുക്കുള്ളത്. ഇന്നും പല വിഷയങ്ങളിലും ഗവേഷണങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. അവ പ്രധാനമായും ചില പേരുകൾ, അക്ഷരത്തെറ്റുകൾ എന്നിവയിലാണ്. പേരുകളുടെയും മറ്റും അക്ഷരങ്ങളിൽ വ്യത്യാസങ്ങൾ ഭാഷകളുടെയും സംസ്ക്കാരങ്ങളുടെയും അടിസ്ഥാനത്തിൽ സംഭവിക്കാമെന്നുള്ളതുകൊണ്ട് അവയുടെ പഠനങ്ങൾ ഒരു പക്ഷേ തലമുറകൾ തന്നെ പിന്നിട്ടേക്കാം. എന്നാൽ ഇവ തിരുവെഴുത്തിന്റെ വിശ്വാസ്യതയെയോ ഉപദേശത്തെയോ സാരമായി ബാധിക്കില്ല. പുരാതനലിഖിതങ്ങളിൽ വെച്ച് ഇത്രയധികം വ്യക്തതയോടെ സൂക്ഷിക്കപ്പെട്ട മറ്റൊരു ഗ്രന്ഥവുമില്ല. നമ്മുടെ കൈവശം ഇന്നുള്ള 66 പുസ്തകങ്ങളടങ്ങിയ ബൈബിൾ ദൈവാത്മാവ് നിശ്വസിച്ച് നൽകിയ ഒറിജിനൽ ലിഖിതങ്ങളുടെ പകർപ്പുകളുടെ പരിഭാഷ ആകയാലും ഭക്തരായവർ അതീവ ശ്രദ്ധയോടെ പരിഭാഷപ്പെടുത്തിയതാകയാലും അവ ഉപദേശത്തിനും ശാസനത്തിനും ഗുണീകരണത്തിനും നീതിയിലെ അഭ്യാസത്തിനും പ്രയോജനപ്പെടുന്ന തിരുവെഴുത്ത് തന്നെ. അത് വിശ്വസിക്കാം. പിൻപറ്റാം. അത് പോലെ ശ്രേഷ്ഠമായ മറ്റൊന്നില്ല.

# ശുദ്ധീകരണം

ബിനോയ് മാണി, മുവാറ്റുപുഴ

*തുടർച്ച.........*

**F. വിശുദ്ധീകരണ പ്രവർത്തനത്തിന്റെ സ്വഭാവം**

1. വിശുദ്ധീകരണം ഒരു പ്രകൃത്യാതീതമായ പ്രവർത്തനമാണ്

വീണുപോയ മനുഷ്യന്റെ പ്രകൃതിയിൽ സ്വതവെ ഉള്ള ശക്തികളെ ഉപയോഗിച്ചു കൊണ്ടു തന്നെ ഒരു വ്യക്തിക്ക് നല്ല ധാർമ്മിക നിലവാരത്തിൽ പെരുമാറുവാൻ സാധിക്കും. മനുഷ്യരിൽ സൽസ്വഭാവികളും പരോപകാരികളും സത്യസന്ധരും നിർമ്മലരുമായ പലരെയും കാണുവാൻ സാധിക്കുന്നത് ഇതിന് ഉദാഹരണമാണ്. അപ്രകാരമുള്ള സൽപെരുമാറ്റം തനിക്കു തന്നെയും താനുൾപ്പെട്ടു നിൽക്കുന്ന സമൂഹത്തിനും ഉപകാരപ്രദവുമാണ്. മനഃസാക്ഷിയുടെ സമ്മർദ്ദമോ ദൈവാധികാരത്തോടുള്ള ബഹുമാനമോ ദൈവകോപത്തെക്കുറിച്ചുള്ള ഭയമോ പ്രസാദേച്ഛയോ സ്വഗുണകാംക്ഷയോ ഇതിനു കാരണമാകാം.

എന്നാൽ വിശുദ്ധീകരണത്തിൽ നടക്കുന്ന രൂപാന്തരം ഇതിൽ നിന്നും വളരെ വിഭിന്നമാണ്. - ശുദ്ധമായ വസ്ത്രവും ശുദ്ധമായ ഹൃദയവും തമ്മിലുള്ള അന്തരം പോലെ. ഒന്ന് ബാഹ്യവും മറ്റേത് ആന്തരികവും. ഒന്നിന്റെ വിലയും സ്വീകാര്യതയും മനുഷ്യരുടെ മുമ്പിലാണ്. മറ്റേത് ദൈവത്തിന്റെ മുമ്പിലും. ആദ്യത്തേതിന് ദൈവത്തോടുള്ള സ്നേഹമോ ക്രിസ്തുവിലുള്ള വിശ്വാസമോ ആവശ്യമില്ല.

സൽസ്വഭാവവും, സൽപ്പെരുമാറ്റവും ശിക്ഷണം കൊണ്ടും പരിശീലനം കൊണ്ടും അഭ്യസനം കൊണ്ടും വളർത്തിയെടുക്കാവുന്നതാണ്. യേശുകർത്താവിനെ കാണാനായി ചെന്ന ധനവാനായ ചെറുപ്പക്കാരനെപ്പോലെ. ഇപ്രകാരമുള്ള പരിശീലനത്തെ വിലയില്ലാത്തതായി കാണാവുന്നതല്ല. എന്നാൽ പാപപ്രകൃതിക്കു മാറ്റം വരുത്തുവാനോ ആത്മീക ജീവൻ നൽകുവാനോ ഉള്ള ശക്തി അതിനില്ല. ശുദ്ധമായ മാർബിളിൽ രൂപപ്പെടുത്തിയ അതിസുന്ദരമായ പ്രതിമയും നിർജ്ജീവമല്ലോ (Charles Hodge).

വിശ്വാസിയിലുള്ള വിശുദ്ധീകരണ പ്രവർത്തനം ദൈവികവും പ്രകൃത്യാതീതവുമാണ്. പ്രകൃത്യാതീതമെന്നാൽ പ്രകൃതിക്ക് അതീതം എന്നും പ്രകൃതി എന്നാൽ ദൈവത്തിനു വെളിയിലുള്ളതെല്ലാം എന്നുമാണ് പ്രാഥമികാർത്ഥം. വിശുദ്ധീകരണ പ്രവർത്തനത്തിൽ പ്രകൃതിയുടെ പ്രവർത്തനമല്ല ദൈവത്തിന്റെ പ്രവർത്തനമാണ് നടക്കുന്നത്.

പ്രകൃത്യാതീതമെന്ന പദത്തിനു വേറൊരു അർത്ഥവും വേദശാസത്രത്തിൽ നൽകപ്പെട്ടിട്ടുണ്ട്. ദൈവസ്ഥാപിതമായ പ്രകൃതി നിയമങ്ങളിലൂടെ തന്റെ ഇഷ്ടങ്ങൾ നിവർത്തിക്കുന്നതിനെ ദൈവിക സംരക്ഷണം (Providence) എന്നു പറയുന്നു. പ്രകൃതി നിയമങ്ങൾക്കതീതമായി ദൈവം പ്രപഞ്ചത്തിൽ നേരിട്ട് ഇടപെടുകയും തന്റെ രക്ഷാസംബന്ധമായ നിത്യനിർണ്ണയങ്ങൾ നിറവേറ്റുവാൻ തക്കവണ്ണം പ്രവർത്തിക്കുകയും ചെയ്യുന്നവനാണ്. തന്റെ അത്ഭുതപ്രവർത്തനങ്ങളെയും പാപിയുടെ പുനരുജ്ജീവനത്തെയും വിശ്വാസിയുടെ ശുദ്ധീകരണത്തെയും ഈ രണ്ടാമത്തെ അർത്ഥത്തിലും പ്രകൃത്യാതീതമെന്നു വിശേഷിപ്പിക്കാം. പ്രകൃതി നിയമങ്ങളാൽ അസാദ്ധ്യമായ കാര്യങ്ങളാണ് ഇപ്രകാരമുള്ള പ്രകൃത്യാതീത പ്രവർത്തനങ്ങളാൽ ദൈവം സാധിക്കുന്നത്. വിശുദ്ധീകരണ പ്രവർത്തനത്തിൽ പ്രകൃതിയിലെ പല മുഖാന്തരങ്ങളെയും പ്രയോജനപ്പെടുത്തുമെങ്കിലും അതിൽ വ്യാപരിക്കുന്നത് ദൈവശക്തിയാണ്. പൗലോസ് നടുകയും അപ്പൊല്ലോസ് നനയ്ക്കുകയും ചെയ്യുന്നു. വളർച്ച നൽകുന്നതോ ദൈവം തന്നെ. വിശുദ്ധീകരണത്തിൽ മനുഷ്യാത്മാവ് സജീവമായ ഒരു പങ്കു വഹിക്കുന്നു. എങ്കിലും വിശുദ്ധീകരണ ഫലം ദൈവാത്മാവിന്നു മാത്രം പുറപ്പെടുവിക്കാവുന്നതാകയാൽ അവിടെ ദൈവത്തിന്റെ പ്രകൃത്യാതീത പ്രവർത്തനം സുവ്യക്തമാണ്.

**a. തെളിവുകൾ**

(i) തിരുവെഴുത്തുകൾ വിശുദ്ധീകരണത്തിന്റെ കാരണക്കാരൻ ദൈവം എന്നു തെളിയിക്കുന്നു.

1 തെസ്സ. 5:23 ; എബ്രാ. 13:20 , 21; - പിതാവ്

തീത്തൊ 2:14; എഫെ. 5:25 - പുത്രൻ

വിശുദ്ധീകരണ പ്രവർത്തനം പിതാവിന്നും പുത്രനും ആരോപിക്കപ്പെട്ടിട്ടുണ്ടെങ്കിലും അത് പരിശുദ്ധാത്മാവിന്റെ പ്രത്യേക പ്രവർത്തനമാ

*ശേഷം പേജ് 18..*

# വേർപാട് ന്യൂസ്

## പ്രാർത്ഥനയ്ക്ക്

**ചേറുംകുളം :** ചേറുംകുളം ബ്രദറൺ സഭയിലെ സുവിശേഷകൻ ബിനു ജോസ് സഭയിലെ ഉത്തരവാദിത്തങ്ങളിലും പ്രവർത്തനങ്ങളിലും ഏർപ്പെടുന്നതോടൊപ്പം തന്നെ ചേറുംകുളം സഭയുടെ ചുമതലയിൽ ഒറ്റപ്പാലത്ത് സ്ഥലം സഭ ലക്ഷ്യമാക്കി കുടുംബമായി വാടകക്കു താമസിച്ച് കൂട്ടുപ്രവർത്തകരുമായി പ്രവർത്തിച്ചുവരുന്നു. തന്റെ കുടുംബത്തേയും ഫലകരമായ പ്രവർത്തനത്തിനായും ദൈവവജനം പ്രാർത്ഥിച്ചാലും.

എന്ന് സഭയ്ക്കുവേണ്ടി മൂപ്പന്മാർ –
**ടി. ജോയിച്ചൻ, എം.എം. വർഗ്ഗീസ്**

സഹോദരന്റെ മേൽവിലാസം

സുവി. ബിനു ജോസ്. പീസ് കോട്ടേജ്, കണ്ണിയംപുറം പി.ഒ., ഒറ്റപ്പാലം 4, പാലക്കാട് ജില്ല, 9447841541, 9161254972

## പ്രാർത്ഥനയ്ക്കും സ്തോത്രത്തിനും

**കോഴിക്കോട്:** (മുക്കം) അളവറ്റ ദൈവകൃപയാൽ ഞങ്ങൾ സഭയായും കുടുംബമായും സന്തോഷമായിരിക്കുന്നു. പ്രത്യേകിച്ച് കോഴിക്കോട് സിറ്റിയിൽ ആശുപത്രി പ്രവർത്തനങ്ങൾ വളരെ ഫലവത്തായി നടത്തുവാൻ കർത്താവിടയാക്കിക്കൊണ്ടിരിക്കുന്നു. സ്തോത്രം!

മുക്കത്ത് സഭാ കൂടിവരവ് ആരംഭിച്ചിട്ട് 2014– ജനുവരിയിൽ 3 വർഷങ്ങൾ ആകുന്നു. കർത്താവ് അത്ഭുതകരമായി നിലനിർത്തിപ്പോരുന്നു. മുക്കം സഭയുടെ സെമിറ്ററിയുടെ സെല്ലുകളുടെ പണിയും മിക്കവാറും തീർന്നിരിക്കുന്നു. ഈ കാര്യത്തിന്റെ അനുഗ്രഹത്തിന് വേണ്ടി പ്രാർത്ഥിച്ചവർക്ക് നന്ദി അറിയിക്കുന്നു.

വിദ്യാഭ്യാസം സംബന്ധിച്ചോ – ജോലിയോടുള്ള ബന്ധത്തിലോ മുക്കത്തോ സമീപ പ്രദേശങ്ങളിലെ ഏതെങ്കിലും വിശ്വാസികൾ എത്തിയിട്ടുണ്ടെങ്കിൽ മുക്കം ബ്രദറൺ സഭയിൽ കടന്നുവന്ന് ആരാധിക്കാൻ സാധിക്കുമെന്ന് അറിയിച്ചുകൊള്ളുന്നു. 9495862067

തുടർന്നും ഞങ്ങളേയും പ്രവർത്തനങ്ങളേയും ഓർത്തു പ്രാർത്ഥിക്കണമെന്നും കർത്തൃനാമത്തിൽ അപേക്ഷിച്ചു കൊണ്ട്.

പുതുവത്സരാശംസകളോടെ,

കർത്തൃശുശ്രൂഷയിൽ നിങ്ങളുടെ കൂട്ടു സഹോദരൻ

**കെ. പീറ്റർകുട്ടി.**

മുക്കം സഭയുടെ അഡ്രസ്സ്

Mukkam Brethren Assembly, C/o. K.A. Peterkutty, 33/3173A , Marikunnu P.O., Kozhikode - 673012, Kerala - India.

## സുവിശേഷയോഗങ്ങൾ

**മണ്ണാരക്കുളഞ്ഞി:** ദൈവഹിതമായാൽ മണ്ണാരക്കുളഞ്ഞി ബ്രദറൺ സഭയുടെ ആഭിമുഖ്യത്തിൽ എല്ലാ വർഷവും നടന്നുവരുന്ന സുവിശേഷ യോഗങ്ങൾ 2014 ജനുവരി 22 ബുധൻ മുതൽ 25 ശനി വരെ എല്ലാ ദിവസവും വൈകിട്ട് 6.00 മണി മുതൽ 8.00 മണി വരെ മണ്ണാരക്കുളഞ്ഞി ബ്രദറൺ സഭാഹാളിൽ വച്ചു നടത്തുവാൻ കർത്താവിലാശ്രയിച്ചു തീരുമാനിച്ചിരിക്കുന്നു.

24.1.2014 വെള്ളിയാഴ്ച പകൽ 9.30 മുതൽ 1 മണി വരെ സഹോദരിമാരുടെ യോഗവും 25.01.2014 ശനിയാഴ്ച പകൽ 9.00 മണി മതുൽ 1.30 വരെ എസ്.ബി.എസ്. പത്തനംതിട്ട സെന്റർ ഏകദിനസമ്മേളനവും 25.01.2014 ഞായർ രാവിലെ 10 മണി മുതൽ 1.00 മണി വരെ ആരാധനായോഗവും ഉണ്ടായിരിക്കുന്നതാണ്. ദൈവജനത്തിന്റെ പ്രാർത്ഥന അഭ്യർത്ഥിച്ചുകൊള്ളുന്നു.

**പ്രസംഗകർ :**

ബ്രദർ സജീവ് വറുഗീസ്, പുതുപ്പള്ളി
ബ്രദർ ബിനു സാമുവൽ, ചാന്തുകാവ്
ബ്രദർ ബിജു. കെ., ആലടി

എന്ന് സഭയ്ക്കുവേണ്ടി
**ഏബ്രഹാം സി. സാം**

**അടൂർ :** പന്നിവിഴ ബ്രദറൺ ക്രിസ്ത്യൻ ചർച്ചിന്റെ ചുമതലയിൽ 2014 ജനുവരി 30 മുതൽ ഫെബ്രുവരി 2 വരെ (ദിവസവും വൈകിട്ട് 6.00 മണിമുതൽ 8.30 വരെ) സഭാ ഹാളിന് മുന്നിൽ തയ്യാർ ചെയ്യുന്ന പന്തലിൽ വച്ച് സുവിശേഷയോഗം നടത്തുന്നതാണ്. സുവിശേഷകന്മാ

രായ പി.എസ്സ് തമ്പാൻ, വർഗ്ഗീസ് കുര്യൻ, എന്നിവർ വചനശുശ്രൂഷ നിർവ്വഹിക്കും. ഫെബ്രുവരി 2ന് പന്തലിൽ വച്ച് രാവിലെ 10 മണി മുതൽ ആരാധനായോഗം ഉണ്ടായിരിക്കും.

സഭയ്ക്കുവേണ്ടി, **ടി.കെ. കുഞ്ഞുതോമസ്**
**സുവി. ജോൺസൺ സാം.**

Johnson Sam (Evg.), Emmanuel Cottage,
Parakode, P.O., Adoor (Via) Kerala India.

**അടൂർ :** അടൂർ തോമസ് കോശി മെമ്മോറിയൽ ഗോസ്പൽ ഹാളിന്റെ ചുമതലയിലും പറക്കോട് വെസ്റ്റ് സഭയുടെ സഹകരണത്തിലും 2014 ജനുവരി ാസം 24,25 തീയതികളിൽ (6.30 മുതൽ 9.00 മണി വരെ) പറക്കോട് വെസ്റ്റ് ബ്രദറൺ സഭാഹാളിന്റെ സമീപം സുവിശേഷയോഗം നടത്തുവാൻ ആഗ്രഹിക്കുന്നു. വചനശുശ്രൂഷ ജോർജ്ജ് ചാക്കോ, മാവേലിക്കര നിർവ്വഹിക്കുന്നതായിരിക്കും. പ്രാർത്ഥിക്കുകയും സഹകരിക്കുകയും ചെയ്യണമേ വിലാസം :

Evg. Johnson Sam, Emmanuel Cottage,
Parakode, Adoor, India - 691554.

എന്ന് ഗോസ്പൽ ഹാളിനു വേണ്ടി
**സുവി. ജോൺസൺ - 9446994411**
**സുവി. സി.ജി. ബെന്നി**

## സുവിശേഷകൻ ബാലസംഘം മലബാർ ഡിവിഷൻ

**മലമ്പുഴ:** സുവിശേഷകൻ ബാലസംഘം മലബാർ ഡിവിഷൻ മാതാപിതാക്കൾക്കും പ്രവർത്തകർക്കുമായി ഒരു പ്രത്യേക ക്യാമ്പ് 2014 ഫെബ്രുവരി 26,27,28 തീയതികളിൽ മലമ്പുഴ കമ്മ്യൂണിറ്റി ഹാളിൽ വച്ച് മലമ്പുഴ ബ്രദറൺ സഭയുടെയും പാലക്കാട് സെന്ററിന്റെയും സഹകരണത്തിൽ നടത്തുവാൻ കർത്താവിൽ ആശ്രയിച്ചു തീരുമാനിച്ചിരിക്കുന്നു.

**ക്യാമ്പ് തീം:** മാനപാത്രമായിരിക്കുക

**പ്രധാനലീഡേഴ്സ്**

1. പ്രൊഫ. പി.പി. സ്കറിയ കോഴിക്കോട്
2. സാമുവൽ എബ്രഹാം കാക്കനാട്
3. ബിനു സാമുവൽ പത്തനംതിട്ട
4. ജോർജ്ജ് മാത്യു മുംബൈ

ഈ ക്യാമ്പ് അനുഗ്രഹകരമായി നടക്കുന്നതിനു വേണ്ടി ദൈവജനം പ്രാർത്ഥിക്കുകയും സഹകരിക്കുകയും ചെയ്യണമേ.

എന്ന്, **സാമുവൽ തോമസ് പുതുപ്പാടി,**
സെക്രട്ടറി മൊബൈൽ : 9495684259

## സുവിശേഷ പ്രവർത്തനം

**മധുര:** 2013 ഒക്ടോബർ 24-മുതൽ 26 വരെ സുവിശേഷയോഗങ്ങൾ ഭവനസന്ദർശനം, പരസ്യയോഗം, തുടങ്ങിയ പ്രവർത്തനങ്ങൾ അനുഗ്രഹമായി നടന്നു. വൈകുന്നേരം ചെല്ലംപെട്ടിയിൽ നടന്ന സുവിശേഷയോഗങ്ങളിൽ ജോൺസ് ചെറിയാൻ, മധുര മുഖ്യപ്രഭാഷകനായിരുന്നു.

കഴിഞ്ഞ രണ്ടു വർഷമായി മധുരയ്ക്കടുത്തുള്ള ചെല്ലംപട്ടി എന്ന ഗ്രാമത്തിൽ സ്ഥലം സഭ ലക്ഷ്യമാക്കി സുവി. പോൾ ആഡംസ് കോവിലാംകുളം (കരുമാത്തൂർ) സഭയുടെ ചുമതലയിൽ വിവിധ സുവിശേഷ പ്രവർത്തനങ്ങൾ നടന്നു വരുന്നു. ചുറ്റുപാടുമുള്ള സുവിശേഷപ്രവർത്തനങ്ങളിൽ സഹകരിച്ചു വരുന്നു. 2013 ഡിസംബർ 19 മുതൽ 21 രെ നടക്കുന്ന സുവിശേഷയോഗങ്ങളിൽ സുവി. ജോസ് തോമസ് , ഉത്തപാളയം മുഖ്യപ്രഭാഷണം നടത്തും. തുടർന്നും ഇവിടെയുള്ള പ്രവർത്തനങ്ങളെ ഓർത്ത് ദൈവമക്കൾ പ്രാർത്ഥിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

സഭയ്ക്കുവേണ്ടി സുവി. പോൾ ആഡംസ്

വിലാസം

Evg, Paul Adams, 7/301 Nethaji Street,
Checkanurani, Madurai - 625 514, Tamil Nadu,
India Ph: 09245868040

## സ്തോത്രത്തിനും പ്രാർത്ഥനയ്ക്കും

ബ്രദറൺ സഭകളൊന്നുമില്ലാത്തതും കുടിയേറ്റ കർഷകരും പ്രബുദ്ധ സംഘടിത ആദിവാസികളും തിങ്ങിപ്പാർക്കുന്ന മലബ്രദേശമായ കോരുത്തോടിന്റെ തെക്ക് കിഴക്കൻ മേഖലയായ അഞ്ഞൂറ്റി നാല് (504) കോളനികളിൽ വീണ്ടും സുവിശേഷമറിയിക്കുന്നതിന് ഇവിടെ പ്രവർത്തിക്കുന്ന സുവിശേഷകൻ അനിൽകുമാർ എരുമേലിയുടെ ചുമതലയിൽ കുമ്പനാട്ടുള്ള സുവി. പി.കെ ബാബുവിന്റെ നേതൃത്വത്തിലുള്ള പെനിയേൽ ബ്രദറൺ ഗോസ്പൽ ടീമിന്റെ ഏകദിനപ്രവർത്തനം നടത്തുവാൻ കർത്താവ് കൃപ ചെയ്തു.

ഇക്കഴിഞ്ഞ നവംബർ 16-ാം തീയതി ശനിയാഴ്ച രാവിലെ 9 മണി മുതൽ 1 മണി വരെ നടന്ന ഭവനസന്ദർശനത്തിൽ 6 പേർ കർത്താവിനെ ഏറ്റുപറഞ്ഞ് തീരുമാനമെടുക്കുവാനും, ഉച്ചകഴിഞ്ഞ് മുണ്ടക്കയം - കുഴിമാവ് റോഡിൽ മൂന്നിടത്ത് പരസ്യയോഗം നടന്നപ്പോൾ ബ്രദർ ഐസക് ഇടനാട് ഗാനങ്ങളാലപിച്ച് , സുവി. പി.ഡി. ജോയി റാന്നി, ഗബ്രിയേൽ പുല്ലാട്, ബ്രദർ ആർ. രാജൻ പുല്ലാട് എന്നിവർ വചനം സംസാരിക്കുവാനും വർഗ്ഗീസ് മത്തായി കുമ്പനാട്, സെൽവാനോസ് ആലപ്ര എന്നീ സഹോ

ദരന്മാരും വിവിധ ശുശ്രൂഷകളിൽ പങ്കെടുക്കുവാനും ഇടയായി. തുടർന്നും അനുധാവനപ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുന്നു.

വരുന്ന ജനുവരി മാസത്തിൽ ബൈബിൾ ക്ലാസ്സ് ആരംഭിക്കുന്നതിന് സൗകര്യപ്രദമായ ഒരു മുറി ലഭിക്കേണ്ടതിനും സുവി. അനിൽകുമാറിന്റെ വളർത്തച്ഛൻ (അവിവാഹിതനായ പിതൃസഹോദരൻ) ഹൃദയസംബന്ധമായ രോഗത്താൽ റ്റി.എം.എമ്മിൽ ചികിത്സയിലായിരിക്കുകയാലും, മക്കളുടെ പഠനസൗകര്യത്തിനായും കുമ്പനാട് വാടയ്ക്കു താമസിച്ചുവരികയാലുണ്ടാകുന്ന ദുര, സമയ, ശാരീരിക , മാനസ്സിക, സാമ്പത്തിക പ്രയാസത്താൽ ഈ പ്രവർത്തനത്തന് തടസ്സം ഉണ്ടാവാതിരിപ്പാനും ദൈവമക്കളുടെ വിലയേറിയ പ്രാർത്ഥനയും സഹകരണവും ചോദിക്കുന്നു.

എന്ന് പ്രവർത്തനങ്ങൾക്കു വേണ്ടി

**അരുൺകുമാർ, ആലപ്ര, 9605635175,**
**അനിൽകുമാർ എരുമേലി, 9745986497**

P.K. Babu , Kumbanad, Ph: 9995423986

## റോത്തക്കിലെ സുവിശേഷീകരണം

**ഹരിയാന:** ജാട്ടുവംശജരുടെ ആധിപത്യമുള്ള റോത്തക്കിൽ സുവിശേഷകൻ പി.എസ്സ് സണ്ണിയും കുടുംബവും 1995-മുതൽ പ്രവർത്തിക്കുന്നു. 1987-ൽ ദൈവവചനപഠനത്തിനും പ്രവർത്തനത്തിനുമായി ഹരിയാനയിൽ എത്തി. ഇവിടെ നിന്നും ബി.ടെക് പഠനം പൂർത്തിയാക്കി, രണ്ടു വർഷങ്ങൾ ഗ്രാമത്തിൽ പ്രവർത്തിച്ചു. തുടർന്ന് 1992 മുതൽ ഹിസ്സാറിൽ പ്രവർത്തനത്തിനായി വരുകയും അവിടെ കൂടിവരവുണ്ടായതിനു ശേഷം 1995 മുതൽ റോത്തക്കിൽ പ്രവർത്തിക്കുന്നു. ഇപ്പോൾ 50ൽ പരം തദ്ദേശീയരായ വിശ്വാസികൾ കൂടിവരുന്ന സഭയുണ്ട്. ഗ്രാമങ്ങളിലെ പ്രവർത്തനത്താൽ കനൂർ എന്ന സ്ഥലത്തും ഒരു സഭാകൂടിവരവുണ്ടായി. പിന്നീട് സുവി. ബി.എച്ച്, വീനസ് , മൂന്നുവർഷക്കാലം പ്രവർത്തനത്തിൽ തുടർന്നെങ്കിലും സുവിശേഷവേല ചെയ്യുവാൻ താല്പര്യമില്ലാത്തതിനാൽ കഴിഞ്ഞ ജനുവരിയിൽ ഉപേക്ഷിച്ചു പോകുകയും ചെയ്തു. റോത്തക്കിൽ നിന്നും 50 കി.മി. യാത്രചെയ്ത് ബുധനാഴ്ചയും ഞായറാഴ്ചയും അവിടത്തെ സഭാകാര്യങ്ങൾ നടത്തി വരുന്നു.

ഞങ്ങൾ താമസിക്കുന്നത് വാടക വീട്ടിലാണ് സഭയും സഭാപ്രവർത്തനങ്ങളും നടത്തുന്നത്. അനുദിനം വർദ്ധിക്കുന്ന വാടകയും, മറ്റു അസൗകര്യങ്ങളും പ്രവർത്തനത്തിനു വളരെ തടസ്സങ്ങളായിരിക്കുന്നു.

ഞങ്ങൾ കഴിഞ്ഞ 7 വർഷമായി ഒരു സഭാഹാൾ ഉണ്ടാകേണ്ടതിനായി പ്രാർത്ഥിക്കുന്നു.ഞങ്ങളുടെ കൈവശം 5 ലക്ഷം രൂപയേ ഉള്ളൂ. എന്നാൽ സ്ഥലത്തിനും, സഭാഹാളിനുമായി ഏകദേശം 35 ലക്ഷം രൂപയെങ്കിലും വേണ്ടിവരും. ഈ ആവശ്യത്തിലേക്കായി സഭയുടെ ഒരു ജോയിന്റ് അക്കൗണ്ട് തുറന്നിട്ടുണ്ട്. Federal Bank Rothac A/C. 16540100017406 IFSC Code FDRL0001654

വിവിധ സ്ഥലങ്ങളിൽ ബൈബിൾ സ്റ്റഡിയും രണ്ടു സ്ഥലങ്ങളിൽ ആരാധനയും നടന്നു വരുന്നു. പ്രവർത്തനങ്ങൾക്കായി എത്രയും വേഗം ഒരു വാഹനം ആവശ്യമായിരിക്കുന്നു. ഇരുചക്രവാഹനത്തിലുള്ള യാത്ര പലപ്പോഴും അപകടവും വളരെയധികം പ്രയാസവുമായിരിക്കുന്നു. കഴിഞ്ഞ 21 വർഷമായി സുവിശേഷ വേലയിലായിരിക്കുന്ന എനിക്കു സ്വന്തമായി ഭവനമോ വാഹനമോ, സഭാഹാളോ ഇല്ല.

കുഷ്ഠരോഗ കോളനിയിലെ പ്രവർത്തനത്താൽ അനേക മക്കൾ വിശ്വാസത്തിലേക്കു വന്നു. പഞ്ചാബി, ജയിൻ, വാത്മീകി , ബ്രാഹ്മണ സമുദായത്തിൽ നിന്നും വിശ്വാസത്തിൽ വന്ന അനേകം യൗവ്വനങ്ങൾ സഭയിലുണ്ട്.

എനിക്കു ഭാര്യയും രണ്ടു മക്കളുമുണ്ട്. ഇരുവരും വിദ്യാഭ്യാസം ചെയ്യുന്നു. സഹധർമ്മിണി കഴിഞ്ഞ 10 വർഷമായി കിഡ്നി പിത്താശയ കല്ല്, സന്ധിവാതം, തൈയ്റോയിഡ് രോഗത്താൽ ചികിത്സയിലായിരിക്കുന്നു. മക്കളുടെ വിദ്യാഭ്യാസം, വാടക, ചികിത്സ എല്ലാം വളരെ പ്രയാസമായിരിക്കുന്നു. ദൈവവേലയിൽ തുടരുവാൻ ദൈവമക്കളുടെ പ്രാർത്ഥനയും സഹകരണവും ആവശ്യമായിരിക്കുന്നു. കർത്തൃവേലയിൽ

പി.എസ്. സണ്ണി

Rothak Brethren Assembly, 1540/12, Court Lane, P.O. Box 68, Rothak - 124001, Haryana - India

## ശാന്തൻപാറയിൽ പുതിയ സ്ഥലം സഭ

**രാജകുമാരി :** ഈ സഭയിൽ നിന്നും സുവിശേഷ വേലയ്ക്കായ് വേർതിരിഞ്ഞ സഹോദരൻ സ്റ്റാൻലി ജോൺ കഴിഞ്ഞ 5 വർഷമായി ശാന്തൻപാറ എന്ന സ്ഥലത്ത് പ്രവർത്തിച്ചു വരികയായിരുന്നു. 3 വർഷമായി അവിടെ നിരന്തരമായി ബൈബിൾ ക്ലാസ്സ് നടത്തിവരുന്നു. കർത്താവിന്റെ കൃപയാൽ ഇക്കഴിഞ്ഞ ഓഗസ്റ്റ് മാസം 18-ാം തീയതി അവിടെ കൂടിവരവു ആരംഭിച്ചു. പ്രവർത്തനഫലമായി കർത്താവിങ്കലേക്കു

വന്ന ചില പ്രിയപ്പെട്ടവർ അന്നേ ദിവസം സ്നാന മേറ്റു. സുവി. ജോസ് തോമസ് (ഉത്തമപാളയം) സ്നാനശുശ്രൂഷ നിർവ്വഹിച്ചു. സുവിശേഷകന്മാരായ എം.എം. ജോസഫ് , കെ.പി. ജോർജ്ജ്, ടി. എം. എൽദോസ് (രാജകുമാരി) സി. യേശുദാസ്, സി. സെൽവം (ദേവികുളം) പി. കാലേബ്, സുകൃതരാജ് (മൂന്നാർ) , ആർ. ടൈറ്റസ് (മറയൂർ), സി. ജി. ശീമോൻ (സൂര്യനെല്ലി) എന്നിവരും രാജകുമാരി സഭയിലെ സഹോദരന്മാരായ പി.കെ. മാത്യു , കെ.പി. പൗലോസ്, കെ.കെ. കുട്ടപ്പൻ, കെ.എം. ജോണി, പി.വി. ജോർജ്ജ് എന്നിവരും വിവിധ ശുശ്രൂഷകൾക്ക് നേതൃത്വം നൽകി.

ഇപ്പോൾ 21 പേർ ആരാധനയ്ക്കായി കൂടിവരുന്നു. അതിൽ 10 പേർ കർതൃമേശയിൽ പങ്കെടുക്കുന്നു. ഇവിടെ നടക്കുന്ന പ്രവർത്തനങ്ങളെയും സഭയെയും ദൈവജനം പ്രാർത്ഥനയിൽ ഓർത്താലും

കത്തിടപാടുകൾക്ക്

സ്റ്റാൻലി ജോൺ, പൊന്നിടപ്പട്ടപ്പറമ്പിൽ , കുളപ്പാറച്ചാൽ പി.ഒ., കുരുവിളാസിറ്റി - 685619, ഫോൺ : 9495428844

## ക്രിസ്ത്യൻ ബ്രദറൺ അസംബ്ലി

**കന്യാകുമാരി** : അരുമന സഭയുടെ പ്രവർത്തനങ്ങൾ കൃപയാൽ നടന്നുവരുന്നു. കഴിഞ്ഞ സുനാമി സമയത്ത് വൻനാശം വിതച്ച പ്രദേശങ്ങളാണ് കന്യാകുമാരി ജില്ലയിലെ കുളച്ചൽ മതുൽ മണക്കുടി വരെയുള്ള പ്രദേശങ്ങൾ. ഈ പ്രദേശത്തിൽ ഉൾപ്പെടുന്ന മുട്ടം എന്ന ഗ്രാമത്തിൽ അനേകം പേർ അകാലമൃത്യുവിന് ഇരയായി. ഭവനരഹിതരുമായി ഈ പ്രദേശത്തോട് അരുമനസഭയ്ക്ക് ഭാരം തോന്നുകയും പ്രവർത്തിക്കുകയും ചെയ്യുന്നു. കൃപയാൽ കഴിഞ്ഞ 03.01.2010 മുതൽ കർതൃമേശ വച്ചു 8 പേർ ആരാധിച്ചു വരുന്നു.

ഈ പ്രദേശത്ത് പ്രവർത്തിക്കുവാൻ ഒരു സുവിശേഷകൻ വേണമെന്ന് അരുമനസഭ പ്രാർത്ഥിച്ചു. പ്ലാവിള സഭയോട് ചേർന്ന് പ്രവർത്തിച്ചു വന്ന് സഹോ. അജയ് കെ. തോമസും, കുടുംബവും മുട്ടം പ്രദേശത്ത് പ്രവർത്തിക്കുവാൻ മുന്നോട്ടു വന്നു.

സഹോദരനെ പ്രാർത്ഥിച്ചു ദൈവകരങ്ങളിലേൽപ്പിക്കുവാൻ ഒരു യോഗം കഴിഞ്ഞ 16.10.2013 ബുധൻ വൈകുന്നേരം 7 മണിക്ക് അരമനസഭാ ഹാളിൽ വച്ചു കന്യകുമാരി, തിരുവനന്തപുരം ജില്ലകളിലെ സഭകളുടെ സാന്നിധ്യത്തിൽ കൃപയാൽ നടന്നു. അന്നേദിവസം പ്രിയ സഹോദരനെ മുട്ടം സ്ഥലത്തിലെ വേലക്കായി പ്രാർത്ഥിച്ചു വേർതിരിച്ചു. മുട്ടം സഭയുടെ പ്രവർത്തനത്തെയും പ്രിയ സഹോദരനെയും കുടുംബത്തെയും പ്രാർത്ഥനയിൽ ഓർക്കണമേ.

അരുമനസഭയ്ക്കുവേണ്ടി

**ബ്രദർ പി. വിജയനേശൻ,**
**ബ്രദർ .ഇ. സെൽവരാജ്, ബ്രദർ എസ്. ആൽവിൻസ്**

## ഗോസ്പൽ മ്യൂസിക് ഫെസ്റ്റ് – മാടായി (കണ്ണൂർ)

**മാടായി:** ശാലോം ഗോസ്പൽ മിനിസ്ട്രീസിന്റെ ആഭിമുഖ്യത്തിൽ 2013 നവംബർ മാസം 27,28 (ബുധൻ, വ്യാഴം) തീയതികളിൽ വൈകുന്നേരം 6 മുതൽ 8.30 വരെ മാടായി സിഎസ്.ഐ ചർച്ചിന് സമീപം ഗോസ്പൽ മ്യൂസിക് ഫെസ്റ്റ് എന്ന പേരിൽ ഒരു കൺവൻഷൻ അനുഗ്രഹകരമായി നടത്തുവാൻ കർത്താവ് കൃപ നൽകി. സുവിശേഷകനായ ചാണ്ടപ്പിള്ള ഫിലിപ്പ് (കോട്ടയം) ദൈവവചനം സംസാരിച്ചു. തൃശ്ശൂർ ഗോസ്പൽ സിംഗേഴ്സ് ഗാനങ്ങൾ ആലപിച്ചു. ചുറ്റുപാടു നിന്നുമായി അനേകർ കടന്നുവന്ന് സംബന്ധിച്ചു. ചിലർ കർത്താവിനെ രക്ഷിതാവായി സ്വീകരിക്കുവാൻ ഇടയായി.

2013 ഡിസംബർ 12 -ാം തീയതി കൺവൻഷൻ ശേഷമുള്ള അനുധാവനപ്രവർത്തം നടക്കുവാൻ ഇടയായി. 11 സഹോദരന്മാർ പ്രവർത്തനത്തിൽ പങ്കെടുത്തു. ചില താല്പര്യമുള്ള വ്യക്തികളെ കണ്ടെത്തുവാൻ ഇടയായി. ഈ പ്രദേശത്തു നിന്ന് അനേകർ രക്ഷയിങ്കലേക്ക് കടന്നുവരുവാനും തുടർന്ന് ഇവിടെ ഒരു സ്ഥലം സഭ രൂപപ്പെടുവാനും ദൈവജനം പ്രാർത്ഥിച്ചാലും

തുടർന്നും ഈ പ്രവർത്തനത്തെ ഓർത്ത് ദൈവജനം പ്രാർത്ഥിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യണമെന്ന് കർതൃനാമത്തിൽ അപേക്ഷിക്കുന്നു.

എന്ന് ശാലോം ഗോസ്പൽ മിനിസ്ട്രീസിനു വേണ്ടി

**റിജോയ് കെ. ജോൺ**

## പ്രാർത്ഥനയ്ക്കും സഹകരണത്തിനും

**തെങ്കാശി:** ഈ സഭയുടെ പ്രവർത്തനത്തിനായി ഒരു തയ്യൽ സ്കൂൾ തുടങ്ങുവാൻ ആഗ്രഹിക്കുന്നു. ഈ സഭയിൽ ഉള്ള സഹോദരീ സഹോദരന്മാർക്ക് തൊഴിലുകൾ ആവശ്യമാണ് ഇത് സഭയ്ക്കു ബോധ്യപ്പെടുകയും ചെയ്തു. അതിനായി തയ്യൽമെഷീൻ 7 എണ്ണം ആവശ്യമുണ്ട്. സഭയുടെ ചുറ്റുമതിൽ കെട്ടേണ്ടത് ആവശ്യമായിരിക്കുന്നു. ചുറ്റുമതിലിനായി 1 ലക്ഷം രൂപ ആവശ്യം ഉണ്ട്. ഈ രണ്ട് ആവശ്യങ്ങൾക്കായി സഭയും സഹോദരന്മാരും പ്രാർത്ഥിക്കുകയും സാമ്പത്തികമായും സഹകരിക്കുകയും ചെയ്യണമെന്ന് അപേക്ഷിക്കുന്നു.

Evg. Michle G. 3/145 Brethren Assembly, Velayuthapuram- Poigal P.O. , Thenkasi Tamilnadu, India. 9578824756

SBT Kadayanallur Branch, A/C. No. 67041376047
IFSC Code : SBTR 0000929




**നെഹമ്യാവ്**

**ഈ ക്വിസിൽ ആർക്കും ചേരാം. ശരിയുത്തരം അടുത്ത മാസം 20 നു മുമ്പ് ലഭിക്കും വിധം അയക്കുക. ഉത്തരകടലാസിൽ പേര്, വയസ്, തൊഴിൽ, സ്ഥലം സഭ, ഫോൺ നമ്പർ തുടങ്ങിയ വിവരങ്ങൾ ചേർക്കണം. ഉത്തരങ്ങൾക്കൊപ്പം റഫറൻസ് കൂടി നൽകുക. 12 മാസവും തുടർച്ചയായി ശരിയുത്തരം അയക്കുന്നവർക്കു സമ്മാനങ്ങൾ നൽകുന്നതാണ്.**

**അയയ്ക്കേണ്ട വിലാസം :**

**Quiz Master,** Anand Villa,
143, Maveli Nagar ,
Cochin University P.O.,
Ernakulam 682 022

1. യെരുശലേമിന്റെ അവസ്ഥ എന്താണ്.? അതിനെക്കുറിച്ച് നെഹമ്യാവോട് പറഞ്ഞതാര്? അപ്പോൾ നെഹമ്യാവ് എന്തു ചെയ്തു?
2. രാജാവിന്റെ വനവിചാരകന്റെ പേരെന്ത്? അവനു എഴുത്തു നൽകണമെന്ന് നെഹമ്യാവ് ഏതു രാജാവിനോടാണ് അപേക്ഷിച്ചത്. രാജാവ് അതു നൽകുവാൻ കാരണം എന്ത്?
3. മതിൽ പണി തുടങ്ങിയപ്പോൾ ആരാണ് അവരെ നിന്ദിച്ചത്? ആരാണ് ആട്ടുവാതിൽ പണിതത്?
4. ആരുടെ പുത്രിമാരാണ് അറ്റകുറ്റം തീർത്തത്?
5. അവർ യരുശലേം മതിലിന്റെ അറ്റകുറ്റം തീർത്തു. എന്നാൽ അവരുടെ ശ്രേഷ്ഠന്മാർ കർത്താവിന്റെ വേലയ്ക്കു ചുമൽ കൊടുത്തില്ല. ആര്?
6. യിസ്രായേൽ ജനം കേൾക്കെ എസ്ര മോശെയുടെ ന്യായപ്രമാണ പുസ്തകം വായിച്ചത് എവിടെ വച്ച്?
7. നെഹമ്യാവ് അർത്ഥഹ്ശഷ്ടാ രാജാവിന്റെ അടുക്കൽ മടങ്ങിപ്പോയപ്പോൾ തോബിയാവിന് ദൈവാലയത്തിന്റെ പ്രാകാരത്തിൽ അറ ഒരുക്കി കൊടുത്ത പുരോഹിതൻ ആര്?
8. തോബിയാവിനോടും സൻബല്ലത്തിനോടും കൂടി നെഹമ്യാവിനെ ഭയപ്പെടുത്താൻ നോക്കിയ പ്രവാചകി ആര്?
9. നെഹമ്യാവ് ഭണ്ഡാരഗൃഹത്തിന് മേൽ വിചാരകന്മാരായി നിയമിച്ചവർ ആരെല്ലാം?
10. നെഹമ്യാവും ആളുകളും എത്രദിവസം കൊണ്ടാണ് യരുശലേമിന്റെ മതിൽ പണിതത്?
11. ദൈവത്തിന്റെ ആലയത്തിലെ ഭണ്ഡാരഗൃഹത്തിലേക്ക് ദശാംശത്തിന്റെ ദശാംശം കൊടുത്തത് ആര്?
12. നെഹമ്യാവ് തന്റെ അടുക്കൽ നിന്ന് ഓടിച്ചു കളഞ്ഞത് ആരെ? അവൻ സൻബല്ലത്തിന്റെ ആരായിരുന്നു?
13. യഹോവയിങ്കലെ സന്തോഷം നിങ്ങളുടെ ബലം ആകുന്നുവല്ലോ? ഇത് ആര് ആരോട് പറഞ്ഞു?
14. അന്യജാതിക്കാരായ സ്ത്രീകളെ വിവാഹം കഴിച്ചവരെ അടിക്കുകയും അവരുടെ തലമുടി പറിക്കുകയും ചെയ്തതാര്?
15. ആരുടെ സമയത്താണ് കച്ചവടക്കാരും പലചരക്ക് വിൽക്കുന്നവരും ഒന്ന് രണ്ട് പ്രാവശ്യം യരുശലേമിന് പുറത്ത് രാപ്പാർത്തത്? അതിനു കാരണമെന്ത്?

**ക്വിസ് 19**

**2 ദിന. 19–36 ഉത്തരങ്ങൾ**

1. അഥല്യാ (2 ദിന 22:2), ഒമ്രി, അഹസ്യാവ്
2. കോരെശ്. ഒന്നാം ആണ്ടിൽ 2 ദിന36: 22, 23.
3. യഹോശാഫാത്തും ജനവും, അവിടെ അവർ യഹോവയ്ക്ക് സ്തോത്രം ചെയ്തതു കൊണ്ട് ആ സ്ഥലത്തിനു ബെരാഖാ താഴ് വര എന്ന് പേർ പറഞ്ഞു വരുന്നു. 2 ദിന20:26.
4. ഉസ്സിയാവ് നിഗളിച്ച് യഹോവയുടെ കല്പനലംഘിച്ച് ധൂപം കാട്ടുവാൻ ധൂപകലശം പിടിച്ചു. യഹോവയുടെ ആലയത്തിന്റെ ധൂപപീഠത്തിൽ ചെന്നു. അവിടെ വച്ച് അവന്റെ നെറ്റിയിൽ കുഷ്ടം പൊങ്ങി. 2 ദിന26: 16–19.
5. ആഹാബിന്റെ മകൾ യെഹോരാമിന്റെ ഭാര്യ ആകയാൽ ആഹാബ് ചെയ്തതുപോലെ അവൻ യഹോവയ്ക്ക് അനിഷ്ടമായത് ചെയ്തു 2 ദിന21:6.
6. മ നശ്ശെ.ബ ാബേലിലേക്ക്.ക ാളുത്തുകളാൽ പിടിച്ച് ചങ്ങലയിട്ട് ബാബേലിലേക്ക് കൊണ്ടുപോയി. യഹോവ മനശ്ശെയുടെ അപേക്ഷ കേട്ട് അവനെ തിരികെ വരുത്തി അവന്റെ രാജത്വം തിരികെ കൊടുത്തു. 2 ദിന33:11–13.
7. ആസാഫ് വംശത്തിലെ സെഖര്യാവിന്റെ മകൻ യഹസിയേലിൽ വന്നു. അവൻ ഒരു ലേവ്യനായിരുന്നു 2 ദിന 20:14.
8. അഹസ്യാവിന്റെ മകനായ യോവാശ് 2 ദിന22:11.
9. യോശിയാവ് 2 ദിന34:12 . യെഹസ്കിയാവ് 29:1
10. യെഹോയാക്കീമിനെയും മനശ്ശെയെയും ബാബേൽ രാജാവായ നെബുഖദ്നേസർ

ബാബേലിലേക്ക് കൊണ്ടുപോയി. 2 ദിന 36:6 , 33:11 .

11. യോവാശ്. ഏഴാം വയസ്സിൽ. 40 സംവത്സരം യെരുശലേമിൽ വാണു. 2 ദിന24:1 .
12. യെഹോശാഫാത്ത് 2 ദിന20:3
13. യെഹോരാമിന് ഏലിയാ പ്രവാചകന്റെ എഴുത്ത് വന്നു. 2 ദിന21:12,
14. യഹോശാഫാത്തിന്റെ മകനായ യെഹോരാം 2 ദിന21:19.
15. യോവാശ് രാജാവ്. യഹോയാദാ പുരോഹിതൻ തനിക്ക് ചെയ്ത നന്മ ഓർക്കാതെ അവന്റെ മകനായ സെഖര്യാവിനെ കൊന്നു കളഞ്ഞു.2 ദ ിന24:22.േ യാവാശ്ര ാജാവിനെ അവന്റെ ഭൃത്യന്മാർ അവന്റെ കിടക്കയിൽ വച്ച് കൊന്നു കളഞ്ഞു. 2 ദിന 24:25.

**ക്വിസ് 19. എല്ലാ ഉത്തരവും ശരിയാക്കിയവർ**

1. അമ്മിണി ജോർജ്ജ്, പുന്നവേലി
2. ആലീസ് ജോർജ്ജ്, കടമറ്റം
3. അന്നമ്മ ഐപ്പ്, കളമശ്ശേരി
4. അന്നമ്മ ജോയി, കലഞ്ഞൂർ
5. ആനി ജോസ്, കളമശ്ശേരി
6. ആശാ ചാണ്ടി അലക്സാണ്ടർ, ദോഹ
7. അക്സാ നെൽസൺ, അറയ്ക്കപ്പടി
8. അന്നമ്മ ജോൺ, മഴുക്കീർ
9. ഏലിയാമ്മ ജേക്കബ്, വിശാഖപട്ടണം
10. ഡെയ്സിയാമ്മ തങ്കച്ചൻ, അജ്മീർ
11. എലിസബത്ത് സാം, കളമശ്ശേരി
12. എൽസി ജോജോ, ആലുവ
13. ജിറ്റി ജിനോ, പുന്നക്കുന്ന്
14. ഗ്രേസി ജോസ്, കിഴക്കേക്കോട്ട
15. ജോർജ്ജ്കുട്ടി പി.കെ. വാളകം
16. ഗ്രേസ് സാമുവേൽ ലിജോ, കളമശ്ശേരി
17. ജിബിൻ ബില്ലി പോൾ, പോത്താനിക്കാട്
18. ജോയന്ന ബേബിസ്, കുറിയന്നൂർ
19. ജൂലി അലക്സാണ്ടർ, എരുമക്കാട്
20. ജെയിൻ മാത്യൂസ്, മലമ്പുഴ
21. ലളിത സ്കറിയ, കളമശ്ശേരി
22. ലിസ സാം, അൽക്കോബാർ
23. ലീല കൊച്ചു പപ്പു, എഴുപുന്ന
24. മറിയാമ്മ തോമസ്, മല്ലപ്പള്ളി
25. മേരി എൻ.വി. പുന്നവേലി
26. മേരി മാനുവേൽ, കളമശ്ശേരി
27. മേരി ജോർജ്ജ്, സീയോൻ കുന്ന്
28. മെറിൻ പി. സാബു, മുളന്തുരുത്തി
29. മഞ്ജു സന്തോഷ്, കളമശ്ശേരി
30. മൈക്കിൾ ഏബ്രഹാം, കൊച്ചി
31. പെർസിസ് തങ്കച്ചൻ, തൃപ്പൂണിത്തുറ
32. റോസമ്മ തോമസ്, തടിയൂർ
33. ശാന്തമ്മ ജോയി, കളമശ്ശേരി
34. സിമി ഷിബു, കളമശ്ശേരി
35. ഷീജാ ബൈജു, തേവര
36. തങ്കമ്മ ഡാനിയേൽ, കിഴക്കേക്കോട്ട
37. ട്രീസ പീറ്റർ, കോഴിക്കോട്

## തുടർച്ചയായി എല്ലാ ഉത്തരവും ശരിയാക്കിയവർ



വേർപാട് ബൈബിൾ ക്വിസിൽ പങ്കെടുക്കാൻ സാധിച്ചതിൽ സന്തോഷമാണ്. ഇതിലൂടെ ദൈവികകാര്യങ്ങൾ അറിയുവാൻ സാധിക്കുന്നു. ആത്മീയ ജീവിതത്തിൽ വളരെ പ്രയോജനം ലഭിക്കുന്നു. വേർപാട് വാർത്താപത്രികയിൽ പ്രവർത്തിക്കുന്ന എല്ലാവർക്കും നന്ദി അറിയിക്കുന്നു.

**അഞ്ജു അലോഷ്യസ്**



വേർപാട് എന്ന് മാസികയിലെ ബൈബിൾ ക്വിസിൽ പങ്കെടുക്കാൻ എനിക്ക് സാധിച്ചതിൽ ഞാൻ ദൈവത്തോട് നന്ദി പറയുന്നു. അതു നമുക്ക് ഏറ്റവും ഗുണം ചെയ്യുന്ന മാസികയാണ്. ബൈബിൾ വായിക്കുന്നതിനും പഠിക്കുന്നതിനും നമ്മെ സഹായിക്കുന്നു. അതിലെ ലേഖനങ്ങളും മറ്റും ഞാൻ വായിക്കാറുണ്ട്. ദൈവം അനുവദിച്ചാൽ തുടർന്നും ക്വിസിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നു. ഈ മാസിക എന്നും ഉയർന്നു നിൽക്കട്ടെ

മഞ്ജു സന്തോഷ്

# വേർപാട് വിവാഹ വേദി
## Verpad Matrimonial

**Box No. F 27913P**

രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട് ബ്രദറൺ കൂട്ടായ്മയിലുള്ള യുവതി, 25 വയസ്സ്, 160 സെ.മി. ഉയരം, ബി,എസ്.സി. നഴ്സ്, അനുയോജ്യരായ ബ്രദറൺ യുവാക്കളുടെ രക്ഷിതാക്കളിൽ നിന്നും ആലോചനകൾ ക്ഷണിക്കുന്നു. ഫോൺ : 0469 2683203, 9526025119

**Box No. : F261013 P**

രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട് ബ്രദറൺ കൂട്ടായ്മയിലുള്ള യുവതി, 24 വയസ്സ്, 5.2 അടി ഉരം, വെളുത്ത നിറം, ബി.എസ്.സി. നഴ്സായി ബാംഗ്ലൂരിൽ ജോലി ചെയ്യുന്നു. അനുയോജ്യരായ ബ്രദറൺ യുവാക്കളുടെ രക്ഷിതാക്കളിൽ നിന്നും ആലോചനകൾ ക്ഷണിക്കുന്നു. 9495120616.

**Box No. : M 10413P**

രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട് ബ്രദറൺ കൂട്ടായ്മയിലുള്ള യുവാവ് 43 വയസ്, 165 സെ.മീ ഉയരം, ബി.ടെക് ബാംഗ്ലൂരിൽ എഞ്ചിനീയറായി ജോലി ചെയ്യുന്നു. ആത്മീയ ദർശനമുള്ളവരും 35 വയസിൽ താഴെ പ്രായമുള്ളവരുമായ ബ്രദറൺ യുവതികളുടെ രക്ഷിതാക്കളിൽ നിന്നും ആലോചനകൾ ക്ഷണിക്കുന്നു. ഫോൺ : 9048738449, 0468 2270485.

**Box No.: F20613 P**

ഹിന്ദു സമുദായത്തിൽ നിന്നും രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട് ബ്രദറൺ സഭാ കൂട്ടായ്മയിൽ ഉള്ള യുവതി 29 വയസ്സ്, ഉയരം 136 സെ.മി. ജനറൽ നഴ്സായി ബാംഗ്ലൂരിൽ ജോലി ചെയ്യുന്നു. അനുയോജ്യരായ യുവാക്കളുടെ രക്ഷിതാക്കളിൽ നിന്നും ആലോചനകൾ ക്ഷണിക്കുന്നു. ഫോൺ: 9946908234

**Box No. : M251013P**

ബ്രദറൺ യുവാവ് , 26 വയസ്, 5.8 അടി ഉയരം, വെളുത്ത നിറം, ബി.ടെക് ഡൽഹിയിൽ ജോലി ചെയ്യുന്നു. അനുയോജ്യരായ യുവതികളുടെ രക്ഷിതാക്കളിൽ നിന്നും ആലോചനകൾ ക്ഷണിക്കുന്നു. 08281858732, 0481 2459063

**Box No. 251113P**

രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട് ബ്രദറൺ കൂട്ടായ്മയിലുള്ള യുവാവ് 32 വയസ്, 5.6 അടി ഉയരം, ബി.എസ്.സി. മൈക്രോ ബയോളജി പ്രൈവറ്റ് സ്ഥാപനത്തിൽ ജോലി ചെയ്യുന്നു. അല്പം ശാരീരിക ബലഹീനതയുള്ള യുവാവിന് താല്പര്യമുള്ള ബ്രദറൺ യുവതികളുടെ രക്ഷിതാക്കളിൽ നിന്നും ആലോചനക്ഷണിക്കുന്നു. ഫോൺ : 9446326572.

**Box No. 241113P**

രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട് ബ്രദറൺ കൂട്ടായ്മയിലുള്ള യുവാവ് 29 വയസ്, 5.5 അടി ഉയരം, ഐ.ടി.ഐ ഫിറ്റർ സ്റ്റാർ ഹോട്ടലിൽ ജോലി ചെയ്യുന്നു. താല്പര്യമുള്ള ബ്രദറൺ യുവതികളുടെ രക്ഷിതാക്കളിൽ നിന്നും ആലോചനക്ഷണിക്കുന്നു. ഫോൺ : 9446866909.

**Box No. : M201213UP**

രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട് ഹൈന്ദവ പശ്ചാത്തലത്തിൽ നിന്നും ബ്രദറൺ കൂട്ടായ്മയിലുള്ള യുവാവ് , 27 വയസ്സ്, 168 സെ.മി ഉയരം, ഇരുനിറം, ബി.എസ്.സി. നഴ്സ്, ഐർലണ്ടിൽ ജോലി ചെയ്യുന്നു. ഐ.ഇ.എൽ.ടി.എസ് പാസ്സായതും വിദേശത്ത് ജോലി ചെയ്യാൻ താല്പര്യമുള്ളവരുമായ ബ്രദറൺ യുവതികളുടെ രക്ഷിതാക്കളിൽ നിന്നും ആലോചനകൾ ക്ഷണിക്കുന്നു. താലപര്യമുള്ളവർ ബന്ധപ്പെടുക. dibintd@yahoo.in or call 09946112148.

**Box No. : F211213UP**

രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട് ബ്രദറൺ കൂട്ടായ്മയിലുള്ള യുവതി, 26 വയസ്സ്, 5.2 അടി ഉയരം, ഇരുനിറം, ബി.കോം. കമ്പ്യൂട്ടർ . താല്പര്യമുള്ള ബ്രദറൺ യുവാക്കളുടെ രക്ഷിതാക്കളിൽ നിന്നും ആലോചനകൾ ക്ഷണിക്കുന്നു. 0468 2231028, 8943919129.

**Box No. : F221213UP**

രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട് ബ്രദറൺ കൂട്ടായ്മയിലുള്ള യുവതി, ഇരുനിറം, 26 വയസ്സ്, 5.4 അടി ഉയരം, നഴ്സായി ജോലി ചെയ്യുന്നു. താല്പര്യമുള്ള ബ്രദറൺ യുവാക്കളുടെ രക്ഷിതാക്കളിൽ നിന്നും ആലോചനകൾ ക്ഷണിക്കുന്നു. 8157951595.

**Box No. : F231213UP**

രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട് ബ്രദറൺ കൂട്ടായ്മയിലുള്ള യുവാവ്, ഇരുനിറം, 30 വയസ്സ്, 5.7 അടി ഉയരം, എസ്.എസ്.എൽ.സി. വെൽഡറായി ജോലി ചെയ്യുന്നു. അനുയോജ്യരായ ബ്രദറൺ

യുവതികളുടെ രക്ഷിതാക്കളിൽ നിന്നും ആലോചനകൾ ക്ഷണിക്കുന്നു. 9656323412.

**Box No. : F241213UP**

രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട് ബ്രദറൺ കൂട്ടായ്മയിലുള്ള ബ്രദറൺ യുവതി 28 വയസ്സ്, 5 അടി ഉയരം, ബി.എസ്.സി. നഴ്സ് സൗദി മിനിസ്ട്രിയിൽ ജോലി ചെയ്യുന്നു. ജനുവരിയിൽ അവധിക്ക് നാട്ടിൽ വരുന്ന യുവതിക്ക് അനുയോജ്യരായ ബ്രദറൺ യുവാക്കളുടെ രക്ഷിതാക്കളിൽ നിന്നും ആലോചനകൾ ക്ഷണിക്കുന്നു. 9447403683.

**Box No. : F251213 UP**

രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട് ബ്രദറൺ കൂട്ടായ്മയിൽ തുടരുന്ന യുവതി 23 വയസ്, 167 സെ.മി ഉയരം, വെളുത്ത നിറം എം.ബി.എ. ഇംഗ്ലീഷ്, മലയാളം ഭാഷകൾ നന്നായി കൈകാര്യം ചെയ്യുന്നു. അനുയോജ്യരായ ബ്രദറൺ യുവാക്കളുടെ രക്ഷിതാക്കളിൽ നിന്നും ആലോചനകൾ ക്ഷണിക്കുന്നു. giveanaccount@yahoo.com.

**Box No. : F261213 UP**

രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട് ബ്രദറൺ കൂട്ടായ്മയിൽ തുടരുന്ന യുവതി 21 വയസ്, ബി.കോം. വെളുത്ത നിറം 5.5 അടി ഉയരം. അനുയോജ്യമായ ബ്രദറൺ യുവാക്കളുടെ രക്ഷിതാക്കളിൽ നിന്നും ആലോചനകൾ ക്ഷണിക്കുന്നു. 9497479976.

**Box No. : M271213UP**

രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട് ബ്രദറൺ കൂട്ടായ്മയിൽ തുടരുന്ന യുവാവ് 27 വയസ്സ്, 6 അടി ഉയരം, വെളുത്ത നിറം എസ്.എസ്.എൽ.സി. ഡ്രൈവർ ആയി ജോലി ചെയ്യുന്നു. അനുയോജ്യരായ ബ്രദറൺ യുവതികളുടെ രക്ഷിതാക്കളിൽ നിന്നും ആലോചനകൾ ക്ഷണിക്കുന്നു. 04828212719, 9961083293.

**Box No. : M281213UP**

രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട് ബ്രദറൺ കൂട്ടായ്മയിൽ തുടരുന്ന യുവാവ് 29 വയസ്, 6.1 അടി ഉയരം, ബി.കോം. കുവൈറ്റിൽ ജോലി, കർണ്ണാടകയിൽ സ്ഥിരതാമസമാക്കിയ കുടുംബം. അനുയോജ്യരായ ബ്രദറൺ യുവതികളുടെ രക്ഷിതാക്കളിൽ നിന്നും ആലോചനകൾ ക്ഷണിക്കുന്നു. 09483393074, 08274202694

**Box No. : F291213UP**

രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട് ബ്രദറൺ കൂട്ടായ്മയിൽ തുടരുന്ന യുവതി 26 വയസ്, 5.9 അടി ഉയരം, എം.എസ്.സി നഴ്സ്, വെളുത്ത നിറം, രാജസ്ഥാനിൽ ജനിച്ച് വളർത്തപ്പെട്ട്, അവിടെ തന്നെ നഴ്സിങ്ങ് ടീച്ചറായി ജോലി ചെയ്യുന്നു. അനുയോജ്യരായ ബ്രദറൺ യുവാക്കളുടെ രക്ഷിതാക്കളിൽ നിന്നും ആലോചനകൾ ക്ഷണിക്കുന്നു. 09413420827, 09636807608.

## ശുദ്ധീകരണം

*തുടർച്ച........ പേജ് 10*

യിട്ടാണ് ഗണിക്കപ്പെടുന്നത്. എല്ലാ ക്രിസ്തീയ വരദാനങ്ങളും ആത്മാവിന്റെ ഫലമായി ചിത്രീകരിച്ചിരിക്കുന്നു. (ഗലാ. 5:22, 23) . വിശുദ്ധീകരണ പ്രവർത്തനത്തിൽ പിതാവും പുത്രനും പ്രവർത്തിക്കുന്നത് പരിശുദ്ധാത്മാവിലൂടെയാണ്.

(ii) വിശുദ്ധീകരണ പ്രവൃത്തി ത്രിയേകദൈവത്തിൽ ആരോപിച്ചിട്ടുള്ള നിലയ്ക്ക് അതു മനുഷ്യനിൽ പ്രകൃത്യാ ഉള്ള ഒന്നിനാലും സാദ്ധ്യമാകുകയില്ല എന്നു വ്യക്തമാണ്. വിശുദ്ധീകരണത്തിനായി പ്രാർത്ഥിക്കുന്നതിൽ നിന്നും അതിനെപ്രതി ദൈവത്തിനു സ്തോത്രം അർപ്പിക്കുന്നതിൽ നിന്നും ക്രിസ്തീയ സൽഗുണങ്ങൾ ആത്മഫലമായി ചിത്രീകരിച്ചിട്ടുള്ളതിൽ നിന്നും ഈ പ്രവൃത്തി ദൈവികം തന്നെ എന്നു തെളിയുന്നു.

(iii) മാനസാന്തരത്തിനും വിശ്വാസത്തിനും മറ്റു കൃപകൾക്കുമായി കഴിക്കുന്ന പ്രാർത്ഥന. എഫെസ്യർ 1;19-ൽ വിശുദ്ധ പൗലോസ് വിശ്വാസികളുടെ വിശുദ്ധീകരണത്തിനായി പ്രാർത്ഥിക്കുന്നു.

(iv) വിശ്വാസിയും ക്രിസ്തുവും തമ്മിലുള്ള ഐക്യത്തെക്കുറിച്ചും അവനിലുള്ള പരിശുദ്ധാത്മാധിവാസത്തെക്കുറിച്ചുമുള്ള തിരുവെഴുത്തുകൾ വിശുദ്ധീകരണ പ്രവർത്തനത്തിന്റെ പ്രകൃതീത സ്വഭാവത്തെ കാണിക്കുന്നു. എന്നെ കൂടാതെ നിങ്ങൾക്ക് ഒന്നും ചെയ്യുവാൻ കഴികയില്ല. ശരീരത്തിന്റെ ഒരവയവത്തിനു ജീവൻ നിലനിർത്തുവാൻ ശിരസ്സുമായുള്ള ബന്ധം എത്രത്തോളം ആവശ്യമാണോ അതിനെക്കാൾ വിശ്വാസിക്ക് ആത്മീയ ജീവൻ നിലനിർത്തുവാൻ ക്രിസ്തുവുമായുള്ള ബന്ധം ആവശ്യമാണ്. (യോഹ. 15:4; ഗലാ. 2:20; 4:19; കൊലൊ. 1:11).

മനുഷ്യൻ ജന്മനാ പാപിയും പാപം മൂലം ദൈവ സ്വീകാര്യമായ ഒന്നും ചെയ്യുവാൻ കഴിവി ല്ലാത്തവനുമാണ്. വീണ്ടും ജനനത്തിനു ശേഷവും വിശ്വാസിയിൽ ജഡം പാപസ്വഭാവമുള്ളതായി തുടരുന്നു. ആകയാൽ ദൈവിക പ്രവർത്തനത്താ ലല്ലാതെ വിശുദ്ധി പ്രാപിക്കുവാൻ താൻ ശക്തനല്ല എന്നു തെളിയുന്നു. ഒരു വിശ്വാസിക്കുള്ള ധൈര്യം ദൈവം പാപത്തിൽ നിന്ന് തന്നെ മോചി പ്പിച്ചിരിക്കുന്നുവെന്നതും താൻ അക്ഷയമായ ജീവന്റെ ഉറവിടമാകുന്ന പരിശുദ്ധാത്മാവിനെ സ്വീകരിച്ചിരിക്കുന്നുവെന്നതും പരിശുദ്ധാത്മാവു തന്നിൽ തുടർന്നു പ്രവർത്തിക്കുമെന്നും തന്റെ ആത്യന്തിക രക്ഷ ദൈവത്തിന്റെ മാറ്റമില്ലാത്ത നിർണ്ണയങ്ങളിൽ അടിസ്ഥാനപ്പെട്ടിരിക്കുന്നു എന്ന തുമാണ്.

**2. ശുദ്ധീകരണം മനുഷ്യനെ സമ്പൂർണ്ണമായി ബാധിക്കുന്നു.**

ശരീരത്തെയും ആത്മാവിനെയും ബുദ്ധിയെയും വികാരങ്ങളെയും ഇച്ഛയെയും വിശുദ്ധീകരണം സ്വാധീനിക്കുന്നു. വിശുദ്ധീകരണം ആന്തരിക പ്രവർത്തനമാകയാൽ മറിച്ചാകുക അസാദ്ധ്യമാ ണ്. ഉള്ളിലെ മാറ്റം പുറത്തു കാണാതിരിക്കുകയി ല്ല. മാത്രമല്ല തിരുവെഴുത്തുകൾ ഇതു വ്യക്തമാ ക്കുന്നുണ്ട്. (1 തെസ്സ. 5:23; 2 കൊരി. 5:17; ഖമര. 6:12; 1 കൊരി 6:15, 20) ശരീരത്തിന്റെ വിശുദ്ധീകരണം പ്രത്യേകമായി നടക്കുന്നത് പുനരുത്ഥാനത്തിലാ ണ്.

യിരെ. 31:34 ; യോഹ. 6:45 – ബുദ്ധി
യെഹ. 36 :25– 27; ഫിലി 2:13 – ഹൃദയം
ഗലാ. 5:24 – മനസ്സ്
തീത്തൊ 1:15 ; എബ്രാ. 9:14 – മനസാക്ഷി

**3. വിശുദ്ധീകരണത്തിൽ വിശ്വാസികൾക്കു ക്രിയാത്മകമായ പങ്കുണ്ട്.**

വിശുദ്ധീകരണ പ്രവർത്തനത്തിൽ ഒരു ഭാഗം മനു ഷ്യനും ഒരു ഭാഗം ദൈവവും നിവർത്തിക്കുന്നു എന്നല്ല ഇതിന്റെ വിവക്ഷ. മറിച്ച് ദൈവം തന്റെ പ്രവൃത്തിയുടെ ഒരു ഭാഗം മനുഷ്യനെ ഉപകരണ മായി ഉപയോഗിച്ചുകൊണ്ടു നിവർത്തിക്കുന്നു. സയുക്തികം പ്രവർത്തിക്കുന്ന ഒരു ജീവി (rational being) എന്ന നിലയിൽ ദൈവാത്മാവ് മനുഷ്യന്റെ പ്രാർത്ഥനയോടും ബുദ്ധിപരവുമായ സഹക രണം ആവശ്യപ്പെടുന്നു എന്നു മാത്രം. വിശുദ്ധ ജീവിതത്തിനായി ബൈബിളിൽ നൽകിയിരി ക്കുന്ന പ്രബോധനങ്ങളും പാപത്തിന്മേൽ വിജയം പ്രാപിക്കുവാൻ കൊടുക്കുന്ന ഭയ നിർദ്ദേശങ്ങളും മുന്നറിയിപ്പുകളും കാണിക്കുന്നത് മനുഷ്യന് വിശുദ്ധീകരണത്തിൽ ഉള്ള സജീവ പങ്കാളി ത്തത്തെയാണ്. (റോമ. 12:9, 16,17 1 കൊരി. 6:9, 10; ഗലാ. 5:16–23; മീഖ 6:8 ; യോഹ. 15:2; 8, 16: റോമ. 8:12 , 13; 12:1, 2, 17 ; ഗലാ. 6:7, 8, 15) .

**4. വിശുദ്ധീകരണ പ്രക്രിയയ്ക്ക് നിഷേധാത്മ കവും( കിയാത്മകവുംആ യര ണ്ടുവ ശ ങ്ങളുണ്ട്.**

വീണ്ടും ജനിക്കപ്പെട്ട മനുഷ്യനിൽ പാപജഡം തുടരുന്നതിനാൽ തനിക്കു പാപത്തിൽ വീഴു വാനുള്ള സാദ്ധ്യത നിലനില്ക്കുന്നു. പാപ ത്തിന്റെ ശക്തിയെ വർദ്ധമാനമായ അളവിൽ നശിപ്പിക്കുന്നതാണ് നിഷേധാത്മകമായ വശം. പുനർജനനത്താൽ വിശ്വാസിക്കു ലഭിച്ച വിശുദ്ധ ഭാവത്തെ (disposition) വളർത്തുകയും വികസിപ്പിക്കുകയും ചെയ്യു ന്നതാണ് വിശുദ്ധീകരണത്തിന്റെ ക്രിയാത്മക മായ വശം. മനുഷ്യാത്മാവു സമ്പൂർണ്ണമായി ക്രിസ്ത്യാനുരൂപ്യം പ്രാപിക്കും വരെ ഈ പ്രക്രീയ തുടരുന്നു.

മരിച്ചവരിൽ നിന്ന് ഉയിർപ്പിക്കപ്പെട്ട ഒരു മനു ഷ്യൻ ക്ഷീണിതനും രോഗിയുമായി കഴിയുക (കുറേ കാലത്തേക്കോ ഏറെ കാലത്തേക്കോ അസാദ്ധ്യമല്ലാത്തതുപോലെയാണ് വീണ്ടും ജനിച്ചിട്ടും വിശുദ്ധീകരണം ആവശ്യമായിരി ക്കുന്ന മനുഷ്യന്റെ അവസ്ഥ (Charles Hodge)

റോമൻ കത്തോലിക്ക സിദ്ധാന്ത പ്രകാരം മാമോദീസയാൽ വീണ്ടും ജനനം പ്രാപിച്ച ആത്മാവിൻ പാപത്തിന്റെ ലാഞ്ചനപോലും തുടരുന്നില്ല. അതുകൊണ്ട് ഒരാൾ സൽപ്രവൃ ത്തികൾ ചെയ്യുകയും സൽഗുണപൂർത്തി പ്രാപിക്കുകയും ചെയ്യാനാവും എന്നു മാത്ര മല്ല തനിക്കാവശ്യമുള്ളതിനേക്കാൾ സുകൃത ങ്ങൾ ചെയ്ത് മറ്റുള്ളവർക്കും കൂടെ നല്കത്ത ക്കവിധത്തിൽ പുണ്യം (Merit) ആർജ്ജിക്കു കയും ചെയ്യാം. ഇങ്ങനെയുള്ള വിശുദ്ധന്മാർ സാധാരണ കത്തോലിക്കരുടെ 'രക്ഷ'യിൽ സഹായകർ ആയിത്തീരുന്നു.

## G. വിശുദ്ധീകരണത്തിന്റെ ചില സഹജഗു ണങ്ങൾ (characteristics)

1. വിശുദ്ധീകരണത്തിൽ മനുഷ്യൻ സജീവ മായി പ്രവർത്തനനിരതമെങ്കിലും അത് ദൈവ ത്തിന്റെ പ്രവർത്തനമാണ്, മനുഷ്യന്റേതല്ല.

2. വിശുദ്ധീകരണം ഭാഗികമായി ഉപബോധത ലത്തിലും (sub -consious) ഭാഗികമായി

ബോധതലത്തിലും (consious) ആണു നടക്കുന്നത്. ഉപബോധതലത്തിൽ പരിശുദ്ധാത്മാവ് മുഖാന്തരങ്ങൾ കൂടാതെയും ബോധതലത്തിൽ മുഖാന്തരങ്ങളിലൂടെയും ആണ് പ്രവർത്തിക്കുന്നത്. (ഉദാ. തിരുവചനപഠനം, പ്രാർത്ഥന, വിശ്വാസികളോടുള്ള കൂട്ടായ്മ.)

3. വിശുദ്ധീകരണം ആരിലും ഇഹത്തിൽ പൂർണ്ണതയിലെത്തുന്നില്ല. വീണ്ടും ജനിച്ച ഉടനെശാരീരിക മരണം സംഭവിക്കുന്ന വ്യക്തിയിൽ ഒരു പക്ഷേ വിശുദ്ധീകരണം തൽക്ഷണം പൂർത്തിയാകുന്നു എന്നു ചിന്തിക്കാം. – ആത്മാവിന്റെ കാര്യത്തിലെങ്കിലും !

4. വിശുദ്ധീകരണം വിശ്വാസിയുടെ മരണസമയത്തോ, മരണശേഷമോ ഉടനെയോ പൂർത്തിയാവുന്നു എന്നു ചിന്തിക്കുന്നു – അതായത് ആത്മാവിന്റെ കാര്യത്തിലും ശരീരത്തിന്റെ കാര്യത്തിലും ഇതു പൂർത്തിയാവുന്നത് പുനരുത്ഥാനത്തിങ്കൽ മാത്രമാണ്. ഇഹത്തിൽ നിഷ്പക്ഷാപൂർണ്ണത ആർക്കും കൈവരുന്നില്ല ( 1 രാജാ. 8:46; സദൃ. 20:9; റോമ. 3:10, 1: യാക്കോ. 3:2;1 യോഹ. 1:8) എന്നാൽ വാങ്ങിപ്പോയവരെ പാപരഹിതരായിട്ടാണ് വചനം ചിത്രീകരിച്ചിരിക്കുന്നത്. (എബ്രാ. 12:23 ; വെളി. 14:5; 21:27; ഫിലി. 3:21).

## H. വിശുദ്ധീകരണത്തിന്റെ മുഖാന്തരങ്ങൾ (Means)

വിശുദ്ധീകരണത്തിൽ ആത്മാവിന്റെ പ്രവർത്തനം മനുഷ്യമനസ്സിന്റെ ബോധതലത്തിലും ഉപബോധതലത്തിലും നടക്കുന്നു എന്നു സൂചിപ്പിച്ചുവല്ലോ. ബോധതലത്തിലെ പ്രവർത്തനങ്ങൾക്കാണ് സഹായകങ്ങളായ മുഖാന്തരങ്ങൾ പ്രയോഗിക്കപ്പെടുന്നത്. അപ്രകാരമുള്ള മുഖാന്തരങ്ങളെ താഴെ കൊടുക്കുന്നു.

1. ദൈവവചനം : ഇതാണ് ഏറ്റവും പ്രധാനപ്പെട്ടത്. ദൈവവചനത്തിലെ സത്യങ്ങൾക്ക് അതിൽ തന്നെയോ അതു സ്വീകരിക്കുന്ന മനുഷ്യന് അവനിൽത്തന്നെയോ അതുപയോഗിക്കുന്നതിനുള്ള ശക്തിയില്ലെങ്കിലും പരിശുദ്ധാത്മാവ് വചനത്തെ ഉപകരണമായി പ്രയോഗിക്കുമ്പോൾ വചനം അത്യന്തം ശക്തിയുള്ളതാണ്. തന്റെ വചനത്തിനെതിരായി ദൈവാത്മാവ് ഒരിക്കലും പ്രവർത്തിക്കുകയില്ല.

2. സഭയുടെ ആചാരങ്ങൾ : ഈ പദം കൊണ്ട് ഉദ്ദേശിക്കുന്നത് സ്നാനത്തെയും കർത്താവിന്റെ അത്താഴത്തെയാണ്. റോമൻ കത്തോലിക്കർ ഇവയ്ക്കു കൊടുക്കുന്ന പ്രാധാന്യം അമിതവും അസ്ഥാനത്തുള്ളതുമാണ്. വചനത്തോടു കൂടിയാവുമ്പോൾ മാത്രമേ ഈ ആചാരങ്ങൾക്ക് ആത്മീക മൂല്യമുള്ളു. (റോമ. 6:3; 1 കൊരി. 12:13; തീത്തോ. 3:5; 1 പത്രൊ. 3:21).

3. പൊതുവായ ദൈവികസംരക്ഷണം : മേൽപ്പറഞ്ഞ രണ്ടു മുഖാന്തരങ്ങളോടൊപ്പം പ്രകൃതിയിലെ ദൈവിക പ്രവർത്തനങ്ങളാലും വിശ്വാസ വിശുദ്ധിയിൽ തികഞ്ഞു വരുന്നു. (സങ്കീ. 119:71; റോമ. 2:4 ; എബ്രാ. 12:10).

## I. രക്ഷയിലെ മറ്റു ഘടകങ്ങളുമായുള്ള ബന്ധം.

ആത്മരക്ഷയുടെ വ്യത്യസ്ത വശങ്ങളെക്കുറിച്ചുള്ള വിശദമായ പഠനമാണല്ലോ രക്ഷാവിജ്ഞാനീയത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. അതിൽത്തന്നെ രക്ഷയുടെ പ്രയുക്തിയിലാണ് വിശുദ്ധീകരണം ഉൾപ്പെട്ടിരിക്കുന്നത്.

1. പുനർജ്ജനനം : ഇവിടെ യോജിപ്പും വ്യത്യാസവും കാണാം. പുനർജ്ജനനം തൽക്ഷണം പൂർത്തിയാവുന്നു. എന്നാൽ വിശുദ്ധീകരണം അനുസ്യൂതമായ പ്രവർത്തനമാണ്. പുനർജ്ജനനത്തോടുക ൂടിവ ിശുദ്ധീകരണവുംആ രംഭിക്കുന്നുണ്ടു താനും – ആദ്യത്തേതിനെ ജനനത്തോടും രണ്ടാമത്തേതിനെ വളർച്ചയോടും തുലനപ്പെടുത്താം.

2. നീതീകരണം : ഇതു വിശുദ്ധീകരണത്തിനു മുമ്പാണ് എന്നു മാത്രമല്ല, ഇതിന്റെ അടിസ്ഥാനത്തിലാണ് വിശുദ്ധീകരണം പുരോഗമിക്കുന്നത്.

3. വിശ്വാസം : നീതീകരണത്തിനെന്ന പോലെ വിശുദ്ധീകരണത്തിനും വിശ്വാസമാണ് ഉപകരണമാവുന്നത്. വിശ്വാസത്താൽ ക്രിസ്തുവിനോടുള്ള ഐക്യം ജീവന്റെ ഉറവിടമായിത്തീരുന്നു. നീതീകരണത്തിന് ഏറ്റവും ശക്തിഹീനമായ വിശ്വാസവും മതിയാവും. എന്നാൽ വിശുദ്ധീകരണത്തിന്റെ പുരോഗതി വിശ്വാസത്തിന്റെ ശക്തിയെയും അളവിനെയും ആശ്രയിച്ചിരിക്കുന്നു.

*തുടരും...* ●

# കുടുംബസംഗമത്തിൽ നിന്ന്


പി.റ്റി. വർഗ്ഗീസ്


ഷാജൻ പോൾ


കുര്യൻ ജോൺ


ഇ.എം. പൗലോസ്


ജിജോ ജോർജ്ജ്














ആക്ഷൻ സോംഗ്

**വേർപാട്** വാർത്താ പത്രിക

ബ്രദറൺ ഗോസ്പൽ മിനിസ്ട്രീസ് പ്രസിദ്ധീകരണം

# ബ്രദറൺ ഗോസ്പൽ മിനിസ്ട്രീസ് ട്രസ്റ്റ് പ്രവർത്തനം ആരംഭിച്ചു

**എറണാകുളം :** ഡോ. ജോൺസൺ സി. ഫിലിപ്പും ഡോ. സനീഷ് ചെറിയാനും ചേർന്ന് ആരംഭിച്ച ബ്രദറൺ ഗോസ്പൽ മിനിസ്ട്രീസ് ട്രസ്റ്റ് എന്ന പ്രവർത്തനം 2014 ജനുവരി 3-നു മുളന്തുരുത്തി ബ്രദറൺ അസംബ്ലി ഹാളിൽ വെച്ച് നടന്ന കുടുംബസംഗമ സമ്മേളനത്തിൽ വെച്ച് ദൈവകരങ്ങളിൽ സമർപ്പിക്കപ്പെട്ടു. പ്രസിഡന്റ് ഡോ. സനീഷ് ചെറിയാന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ മുളന്തുരുത്തി സഭയിലെ മൂപ്പന്മാരിലൊരാളായ സഹോ. പി.വി. സ്കറിയ ബ്രദറൺ ഗോസ്പൽ മിനിസ്ട്രീസ് ട്രസ്റ്റ് പ്രവർത്തനത്തെ പ്രാർത്ഥിച്ച് ദൈവകരങ്ങളിൽ സമർപ്പിച്ചു. പ്രസ്തുത സമ്മേളനത്തിൽ സഹോ. ജോർജ്ജ് വർഗ്ഗീസ് മാതാപിതാക്കളും മക്കളും കുടുംബത്തിൽ എന്ന വിഷയത്തിൽ ക്ലാസ്സുകളെടുത്തു. ഡോ. ജോൺസൺ സി. ഫിലിപ്പ് കുടുംബം ഇരുപത്തൊന്നാം നൂറ്റാണ്ടിൽ എന്ന വിഷയത്തിൽ ക്ലാസ്സെടുത്തു. മക്കളെ ദൈവവചനപ്രകാരവും യഹോവഭക്തിയിലും പരിശീലിപ്പിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് സഹോ. ഏബ്രഹാം തോമസ് (കൊച്ചി) ക്ലാസ്സെടുത്തു. സഹോദരന്മാരായ ഷാജൻ പോൾ, യു.എം. ചെറിയാൻ. പി.റ്റി. വർഗ്ഗീസ്, ജോർജ്ജ് ചാണ്ടി, കുര്യൻ ജോൺ, ഇ.എം. പൗലോസ്, ജിജോ ജോർജ്ജ് എന്നിവർ വിവിധ ശുശ്രൂഷകൾ ചെയ്തു. വിവിധ സ്ഥലങ്ങളിൽ നിന്നുള്ള സുവിശേഷകന്മാരും സമ്മേളനത്തിൽ പങ്കെടുത്തു. ബ്രദറൺ ഗോസ്പൽ മിനിസ്ട്രിയെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾ അടുത്ത ലക്കം വേർപാടിൽ.


ക്ലാസ്സ് -
ഡോ. ജോൺസൺ സി ഫിലിപ്പ്


ബി.ജി.എം. വിവരണം
ഡോ. സനീഷ് ചെറിയാൻ


ക്ലാസ്സ് -
ജോർജ്ജ് വർഗ്ഗീസ്


സ്വാഗതം
ഏബേൽ അഗസ്റ്റിൻ


സമർപ്പണ പ്രാർത്ഥന
പി.വി. സക്കറിയ


ക്ലാസ്സ് -
ഏബ്രഹാം തോമസ് (കൊച്ചി)


കൊയർ - ഗാനം ആലപിക്കുന്നു


ഡബിൾ സോംഗ്

This Publication is owned, printed and published by Saneesh Cherian.
printed at Maptho Printings, Kalamassery for Brethren Gospel Ministries.